# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 20, തിങ്കള്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

[ആകെ ചോദ്യങ്ങള്‍--**321**]

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 3715 മുതല്‍ 3854 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 3855 മുതല്‍ 3927 വരെ |
| ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 3928 മുതല്‍ 3964 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 3965 മുതല്‍ 4035 വരെ |

### പി.ഇ.ഇ.സി.എസ്. സെന്റര്‍ ആരംഭിക്കാന്‍ നടപടി

3715. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് വിദ്യാര്‍ത്ഥികളുടെ അഭിരുചി വളര്‍ത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ അസംബ്ളി നിയോജക മണ്ഡലങ്ങളിലും പബ്ളിക് എന്‍ട്രന്‍സ് എക്സാമിനേഷന്‍ കോച്ചിംഗ് സ്കീം സെന്റര്‍ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(ബി) പബ്ളിക് എന്‍ട്രന്‍സ് എക്സാമിനേഷന്‍ കോച്ചിംഗ് സ്കീം സെന്റര്‍ ആരംഭിക്കുവാന്‍ എന്തെല്ലാം നിബന്ധനകള്‍ ആണ് നിഷ്കര്‍ഷിച്ചിരിക്കുന്നത് ;

(സി) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തില്‍ ഏത് സ്കൂളിനെയാണ് പി.ഇ.ഇ.സി.എസ്. സെന്റര്‍ ആയി തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

### ഹയര്‍ സെക്കന്ററി വകുപ്പില്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ ജോലി ചെയ്തിരുന്ന സര്‍വ്വകലാശാലാജീവനക്കാര്‍

3716. **ശ്രീ.വി.എസ്.സുനില്‍ കുമാര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഹയര്‍ സെക്കന്ററി വകുപ്പില്‍ ഓപ്ഷന്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ ജോലി ചെയ്തിരുന്ന സര്‍വ്വകലാശാലാജീവനക്കാര്‍, OP (KAT) 162, 165 നമ്പരുകളായി ബഹു. കേരള ഹൈക്കോടതിയില്‍ ഫയല്‍ ചെയ്തിരുന്ന അപ്പീല്‍ പെറ്റീഷനുകളിന്മേലുള്ള കോടതി വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ, 30.05.2015-ൽ വിട്ടുതൽ ചെയ്യപ്പെട്ട സർവ്വകലാശാലാജീവനക്കാരെ ഹയർ സെക്കന്ററി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം തിരികെ പ്രവേശിപ്പിക്കപ്പെടാവുന്ന ജീവനക്കാരുടെ സീനിയോറിറ്റി കൂടി സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ഇന്റർസേ സീനിയോറിറ്റി തയ്യാറാക്കുന്ന പ്രക്രിയയിൽ പരിഗണിക്കുമോ; പ്രസ്തുത ഇന്റർസേ സീനിയോറിറ്റി ലിസ്റ്റിൽ സർവ്വകലാശാലാജീവനക്കാർ ഏത് സീനിയോറിറ്റി ക്രമത്തിൽ സ്ഥിരപ്പെട്ടുമെന്ന് വ്യക്തമാക്കാമോ?

<u>ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം</u>

3717. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ സർക്കാർ, എയ്ഡഡ് മേഖലകളിലെ ആർട്സ് ആന്റ് സയൻസ് കേളേജുകളിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിലുള്ള (CBCSS) ഡിഗ്രി കോഴ്സുകളിൽ "ഇൻഫർമാറ്റിക്സ് " ഒരു നിർബന്ധിത പാഠ്യവിഷയമാണോ;

(ബി) പ്രസ്തുത വിഷയത്തിന്റെ പാഠ്യപദ്ധതിയിൽ പ്രായോഗിക പരിശീലനം ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) "ഇൻഫർമാറ്റിക്സ്" പഠിപ്പിക്കുന്നതിനായി കോളേജ് അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നിശ്ചിത യോഗ്യതയുള്ള അധ്യാപകരാണോ പ്രസ്തുത വിഷയം പഠിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ അതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടുന്നതിന് സ്കൂളുകളിൽ സംവിധാനമുള്ള സാഹചര്യത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിൽ വിവിധ വിഷയങ്ങളിൽ പഠനം നടത്തുന്ന ഡിഗ്രി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറിൽ പരിജ്ഞാനം നൽകുന്നതിനു മാത്രമായി പ്രായോഗിക പരിശീലനം നൽകാതെയും യോഗ്യതയുള്ള അധ്യാപകരില്ലാതെയും ഇൻഫർമാറ്റിക്സ് നിർബന്ധിത പാഠ്യ വിഷയമാക്കുന്നത് ആശാസ്യമാണോ എന്ന് പരിശോധിക്കുമോ ?

<u>എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് സംവരണം</u>

3718. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ് സി / എസ് ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് യു.ജി.സി സംസ്ഥാന ഗവൺമെന്റിന് കത്ത് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കത്ത് എന്നാണ് ലഭിച്ചത് ;

ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ചേലക്കര ആർട്സ് ആന്റ് സയൻസ് കോളേജ്

3719. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് വകുപ്പിന്റെ പദ്ധതി തുകയിൽ നിന്ന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ വർഷത്തെ പദ്ധതിയിൽ നിന്നും കോളേജിനു വേണ്ടി ആവശ്യമായ തുക അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഓപ്പൺ സർവ്വകലാശാല

3720. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വിദൂരവിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ മേഖലയിലെ കോഴ്സുകൾ സംബന്ധിച്ച അവ്യക്തത നീക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

3721. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും മേഖലാ ഓഫീസുകളിലും ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്ന എത്ര സർവ്വകലാശാലാ ജീവനക്കാരെയാണ് 30.05.2015- ൽ വിടുതൽ ചെയ്തത്;

(ബി) പ്രസ്തുത രീതിയിൽ വിടുതൽ ചെയ്ത ജീവനക്കാർ ഓരോരുത്തരും ഡയറക്ടറേറ്റിലും മേഖലാ ഓഫീസിലും ജോലി ചെയ്ത കാലയളവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) ഉയർന്ന തസ്തികയിലേക്കുള്ള സ്പെഷ്യൽ റൂൾസും സംയോജിത സീനിയോറിറ്റി ലിസ്റ്റും 2015 മേയ് 31 നകം തയ്യാറാക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളുടെ സ്ഥിതിയെന്ത് ;

(ഡി) പി & എ ആർ ഡി യുടെ നിർദ്ദേശവും 31.05.2015 നകം ഉയർന്ന തസ്തികകളിലേക്കുള്ള സ്പെഷ്യൽ റൂൾസും സംയോജിത സീനിയോറിറ്റി ലിസ്റ്റും തയ്യാറാക്കണമെന്ന ഉത്തരവും ഇനിയും നടപ്പിലാക്കാത്ത സാഹചര്യത്തിൽ സർവ്വകലാശാലാ ജീവനക്കാരുടെ വിട്ടുതൽ മാത്രം ഏക അജണ്ടയായി പരിഗണിച്ച് നടപ്പിലാക്കിയതിന്റെ സാംഗത്യം വ്യക്തമാക്കാമോ?

## ആർട്സ് & സയൻസ് കോളേജുകൾക്ക് സ്വയംഭരണ പദവി

3722. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആർട്സ് & സയൻസ് കോളേജുകൾക്കാണ് സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ചില സ്വകാര്യ സ്വയംഭരണ കോളേജുകൾ യാതൊരു മാനദണ്ഡവും പാലിക്കാതെ വിദ്യാർത്ഥി പ്രവേശനം നടത്തുന്ന കാര്യം പരിശോധിച്ചിരുന്നോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിനായുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധപ്പെടുത്തുമോ; അപേക്ഷ നൽകുന്ന വിദ്യാർത്ഥികളുടെയും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെയും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ ?

## ലക്ചറർ ശ്രീ. പി.വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

3723. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർ ഇവാനിയോസ് കോളേജിൽ നിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ലക്ചറർ ശ്രീ. പി.വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/C/2012/ഹയർ എഡ്യൂക്കേഷൻ എന്ന ഫയൽ ധനകാര്യ വകുപ്പ് പരിശോധന കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് തിരിച്ച് നൽകിയിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം പ്രസ്തുത ഫയലിൽ ശ്രീ. പി.വി. ജോർജിന് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം തീർപ്പാക്കിയിട്ടുണ്ടോ;

(സി) തീർപ്പാക്കിയതിന്റെ വിശദാംശങ്ങളും ഉത്തരവും എന്താണ്; പ്രസ്തുത വിശദാംശങ്ങൾ അപേക്ഷകന് നൽകാൻ നടപടി സ്വീകരിക്കുമോ?

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായുള്ള വ്യവസ്ഥകൾ

3724. ശ്രീ.ജെയിംസ് മാത്യു

,, എം. ഹംസ

ഡോ.കെ.ടി.ജലീൽ

**ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നതിന് നേരത്തെയുണ്ടായിരുന്ന എന്തെല്ലാം വ്യവസ്ഥകളിലാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; യോഗ്യതാ മാർക്കിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) യോഗ്യതാ മാർക്ക് സംബന്ധിച്ച മുൻവർഷങ്ങളിലെ വ്യവസ്ഥകൾ എന്തായിരുന്നു ;

(ഡി) പുതിയ കരാർ പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം നേടാത്ത മെരിറ്റ് സീറ്റുകളിൽ യോഗ്യതയിൽ ഇളവ് നൽകിയവർക്ക് പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ ; വിശദമാക്കാമോ ;

(ഇ) സ്വാശ്രയ മാനേജ്മെന്റുകളുടെ എന്തെല്ലാം ആവശ്യങ്ങളിലാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

3725. ശ്രീ.ജി.സുധാകരൻ
,, പി.ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്
,, റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായോ ; ഇതു സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ;

(ബി) നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി പരാമർശത്തിന് വിധേയമായ കോളേജുകളുടെ നിലവിലെ സ്ഥിതി എന്താണ് ; ഇത്തരം കോളേജുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ അദ്ധ്യയന വർഷം ഇത് എത്രയായിരുന്നു ;

(ഡി) ഈ സാഹചര്യത്തിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; ഈ സർക്കാർ ഇതുവരെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## പുതിയതായി ആരംഭിക്കുന്ന കോളേജുകൾ

3726. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്;

(ബി) ബഡ്ജറ്റിൽ പ്രസ്താവിച്ചതു പ്രകാരം അടിയന്തിരമായി ആരംഭിക്കാൻ പ്രപ്പോസലുകൾ ഉള്ള കോളേജുകൾ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ട്രെയിനിംഗ് സെന്ററിൽ സാരി നിർബന്ധമാക്കിയ നടപടി

3727. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പട്ടം റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ട്രെയിനിംഗ് സെന്ററിൽ അധ്യാപക പരിശീലനത്തിനായി അപേക്ഷ സമർപ്പിച്ച അവസരത്തിൽ, പഠനകാലം നിർബന്ധമായും സാരി ഉടുക്കണം എന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് വിദ്യാർത്ഥിനികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വനിതാ കമ്മീഷനും നിവേദനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അധ്യാപക പരിശീലന കേന്ദ്രങ്ങളടക്കമുള്ള വിദ്യാലയങ്ങളിലെ അധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും സാരി, ബ്ലൗസ് കൂടാതെ ചുരിദാർ/സൽവാർ കമ്മീസ് തുടങ്ങിയ വസ്ത്രങ്ങൾ കൂടി അനുവദനീയമാണെന്ന 04.02.2008-ലെ 68725/ജി3/07/പൊ.വി. സർക്കുലർ ബാധകമാക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

കോഴിക്കോട് സർവ്വകലാശാല നിയമനങ്ങളിലെ അഴിമതി

3728. ശ്രീ.ഇ.പി.ജയരാജൻ
,, കെ.വി.അബ്ദുൾ ഖാദർ
,, കെ.കെ.നാരായണൻ
,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കോഴ ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു ചാനൽ പുറത്തുകൊണ്ടുവന്ന തെളിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥിയിൽ നിന്നും തേഞ്ഞിപ്പാലം പഞ്ചായത്ത് പ്രസിഡന്റ് കോഴ ചോദിക്കുന്ന ദൃശ്യം ചാനൽ പുറത്തുവിട്ടതിന്റെ ഭാഗമായി നടന്ന പ്രക്ഷോഭത്തിന്റെ ഫലമായി പഞ്ചായത്ത് പ്രസിഡന്റിന് സ്ഥാനം രാജിവെയ്ക്കേണ്ടി വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വകലാശാല ഗസ്റ്റ് ഹൗസിൽ പഞ്ചായത്ത് പ്രസിഡന്റിന് എങ്ങനെ മുറി ലഭിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ:

(ഡി) പ്രസ്തുത സംഭവത്തിനു പിന്നിൽ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതെല്ലാം അധികാരകേന്ദ്രങ്ങളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ വി ഷ യം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർവ്വകലാശാലാ

സിൻഡിക്കേറ്റ് തീരുമാനമെടുത്തിരുന്നോ; ഇക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഏതെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണം നടക്കുന്നുണ്ടോ;

(എഫ്) കോഴിക്കോട് സർവ്വകലാശാല നിയമനങ്ങളിൽ നടക്കുന്ന അഴിമതി സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ?

<u>നെടുമങ്ങാട് കോളേജിന് പേര് പുതുക്കി നൽകൽ</u>

3729. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സർക്കാർ കോളേജിന് സ്വാതന്ത്ര്യ സമര സേനാനിയും മുൻ എം.പി യും ദീർഘകാലം നെടുമങ്ങാട് എം.എൽ.എ.യും ആയിരുന്ന ശ്രീ. കെ.വി. സുരേന്ദ്രനാഥിന്റെ പേര് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>മലപ്പുറത്തെ കോളേജുകളിൽ ഡിഗ്രി തലത്തിൽ പൊളിറ്റിക്കൽ സയൻസ് അനുവദിക്കൽ</u>

3730. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹയർസെക്കന്ററി തലത്തിൽ പൊളിറ്റിക്കൽ സയൻസ് വിഷയം പഠിച്ച കുട്ടികൾക്ക് ഉപരിപഠനത്തിന് ജില്ലയിലെ കോളേജുകളിൽ ഇതേ കോഴ്സുകളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിൽ പൊളിറ്റിക്കൽ സയൻസ് വിഷയം പഠിപ്പിക്കുന്ന സർക്കാർ/എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളുടെ എണ്ണം, ഈ വിഷയം പഠിക്കുന്ന കുട്ടികളുടെ എണ്ണം എന്നിവ വിശദമാക്കുമോ ;

(സി) ജില്ലയിൽ ബി.എ. (പൊളിറ്റിക്കൽ സയൻസ്), എം.എ. (പൊളിറ്റിക്കൽ സയൻസ്) എന്നീ കോഴ്സുകളുള്ള സർക്കാർ/എയ്ഡഡ് കോളേജുകളുടെ എണ്ണം വ്യക്തമാക്കുമോ ;

(ഡി) കൊണ്ടോട്ടി, മലപ്പുറം, മങ്കട, താനൂർ കോളേജുകളിൽ ഡിഗ്രി തലത്തിൽ പൊളിറ്റിക്കൽ സയൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>കമ്മ്യൂണിറ്റി കോളേജുകൾ</u>

3731. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** എ.പി.അബ്ദുള്ളക്കുട്ടി
**,,** പി.എ.മാധവൻ
**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലതതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## സി.പി. നാരായണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ "

3732. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-1-2000-ലെ ജി.ഒ (എം.എസ്) 11/2000/പൊ.വി.വ ഉത്തരവ് പ്രകാരം മാതമംഗലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പേര് '' സി.പി. നാരായണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ'' എന്ന് പുനർ നാമകരണം ചെയ്തിട്ടും പ്രസ്തുത നാമകരണം ഹൈസ്കൂൾ വിഭാഗത്തിൽ പ്രാബല്യത്തിൽ വരാത്തതിനാൽ സ്കൂൾ അധികൃതർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവായി 15 വർഷം കഴിഞ്ഞിട്ടും പൊതു വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്കൂൾ ഹെഡ് മാസ്റ്റർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരം (31-10-2014-ലെ 60710/എം1 /14/പൊ.വി.വ നമ്പർ കത്ത് )റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഹൈസ്കൂൾ വിഭാഗത്തിലെ പേര് മാറ്റം എപ്പോൾ പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് അറിയിക്കാമോ?

## എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പിഴവുകൾ സംബന്ധിച്ച അന്വേഷണം

3733. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിൽ ഉണ്ടായ ഗുരുതരമായ പിഴവുകൾ സംബന്ധിച്ച അന്വേഷണം ആരെയൊക്കെയാണ് ഏല്പിച്ചതെന്ന് വിശദമാക്കാമോ?

## സ്കൂൾ പി .റ്റി.എ. തെരഞ്ഞെടുപ്പ്

3734. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പി .റ്റി.എ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചട്ടം നിലവിലുണ്ടോ ; എങ്കിൽ ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ചട്ടപ്രകാരമാണോ പി.ടി.എ. തെരഞ്ഞെടുപ്പ് നടക്കുന്നത് ; ചട്ടത്തിൽ ഇളവ് നൽകാൻ അധികാരമുണ്ടോ;

(സി) മലപ്പുറം ജില്ലയിലെ പുല്ലാന്നൂർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പി.ടി.എ.

പ്രസിഡന്റ് തെരഞ്ഞെടുപ്പ് ചട്ടപ്രകാരമാണോ നടന്നത്; ഇത് സംബന്ധിച്ച് സർക്കാരിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരാതി ലഭിച്ചത് ; പരാതിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടമനുസരിച്ച് ലോക്കൽ ഗാർഡിയന്റെ നിർവചനമെന്താണ് ; ലോക്കൽ ഗാർഡിയന് പി.ടി.എ. പ്രസിഡന്റ് ആകാൻ ചട്ടം അനുശാസിക്കുന്നുണ്ടോ ?

<u>സർവ്വ ശിക്ഷാ അഭിയാൻ മുഖേനയുള്ള സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ</u>

3735. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാനിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിൽ എത്ര തുക സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എസ്.എസ്.എ. മുഖേന ഓരോ ജില്ലയിലും നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസി മുഖേനയാണ് എസ്.എസ്.എ. നിർവ്വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ ജില്ലയിലും എസ്.എസ്.എ.ക്ക് കീഴിൽ നിർമ്മാണ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാരുടെ നിയമനം താൽക്കാലികമാണോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ എന്നുള്ള വിശദാംശങ്ങൾ നൽകാമോ?

<u>ചേലക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പദ്ധതി</u>

3736. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാനും പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലേക്കായി 2015-16 അദ്ധ്യയന വർഷം എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുവാൻ ആലോചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) മണ്ഡലത്തിൽ വർഷങ്ങളായി നടത്തിവരുന്ന സമഗ്ര വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെയും ഇപ്പോൾ സർക്കാർ തലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെയും ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പല്ലശ്ശന വി.ഐ.എം. ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ തസ്തിക അംഗീകാരം</u>

3737. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പല്ലശ്ശന വി.ഐ.എം. ഹയർ സെക്കന്ററി സ്കൂളിൽ 2013 മുതൽ ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളെപഠിപ്പിക്കുന്ന മൂന്ന് അദ്ധ്യാപകരുടെ തസ്തിക അംഗീകാരം നാളിതുവരെ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ തസ്തിക അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത അദ്ധ്യാപകരുടെ തസ്തിക അംഗീകരിച്ചു നൽകാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പാഠപുസ്തക അച്ചടി</u>

3738. **ശ്രീ.കെ.രാധാകൃഷ്ണൻ**

**,,** ബി.ഡി. ദേവസ്സി

**,,** പി.ടി.എ. റഹീം

**,,** സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളും സർക്കാർ സ്ഥാപനങ്ങളിൽ അച്ചടിക്കുന്നതിന് നേരത്തെ തന്നെ തീരുമാനം എടുത്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാഠപുസ്തക അച്ചടിയ്ക്കായി ടെണ്ടർ നൽകിയ ഓരോ സ്വകാര്യ കമ്പനിയും ക്വോട്ട് ചെയ്ത നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പിന്നീട് സ്വകാര്യ സ്ഥാപനങ്ങളെ അച്ചടിയിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ഡി) കെ.ബി.പി. എസിന് അച്ചടി നടത്തുന്നതിന് ഉത്തരവ് നല്കിയതെന്നാണെന്ന് വ്യക്തമാക്കാമോ ?

<u>സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം</u>

3739. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ നിയമനം അംഗീകരിച്ച് നൽകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദവിവരം എ.ഇ.ഒ, ഡി.ഇ.ഒ തലത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ;

(ബി) എ.ഇ.ഒ മുതൽ ഡി.പി.ഐ. വരെ അദ്ധ്യാപകരുടെ വിവിധ പരാതികളും നിവേദനങ്ങളും തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നത് പരിഹരിക്കുവാൻ എല്ലാ അദ്ധ്യയന വർഷവും അദാലത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും നിയമാനുസൃതമായ വിവിധ ആവശ്യങ്ങൾ അംഗീകരിച്ച് നൽകാതെ ബുദ്ധിമുട്ടിക്കുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>സ്കൂളുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ</u>

3740. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഭിന്നശേഷിയുള്ള എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; എയ്ഡഡ്-സർക്കാർ മേഖല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി സർക്കാർ നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടോ; എതെല്ലാം;

(സി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ആരംഭത്തിൽ തന്നെ എയ്ഡഡ് പദവിയുള്ളവയുണ്ടായിരുന്നോ; ഇതിൽ എത്ര സ്കൂളുകൾക്കാണ് സർക്കാർ ഇപ്പോൾ എയ്ഡഡ് പദവി നൽകിയിട്ടുള്ളത്; കൂടുതൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എയ്ഡഡ് പദവി നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) എയ്ഡഡ് പദവി നൽകുന്ന ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനവും അദ്ധ്യാപകരേതര ജീവനക്കാരുടെ നിയമനവും സംബന്ധിച്ച് വ്യവസ്ഥ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ഇ) എയ്ഡഡ് പദവി നൽകിയിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

<u>ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കുള്ള സംവരണം</u>

3741. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് 10% സംവരണം അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുകയുണ്ടായോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഡി.പി.ഐ. സർക്കുലർ ഇറക്കിയിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർക്കാർ ഉത്തരവിന് വിരുദ്ധമായി നിബന്ധനകൾ ഉൾപ്പെടുത്തി ഇറക്കിയ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലകളിലും മേൽ ഉത്തരവുപ്രകാരം പ്രൊമോഷൻ അനുവദിക്കുകയുണ്ടായോ; വിശദാംശം നൽകുമോ;

(എഫ്) പ്രമോഷൻ അനുവദിക്കാത്തിടത്ത് അടിയന്തരമായി പ്രൊമോഷൻ നൽകുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ്</u>

3742. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ ഓരോ അദ്ധ്യയനവർഷത്തിലും എത്ര വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുതയിനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക വീതം എത്ര ഗഡു സ്കോളർഷിപ്പ് തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്നും ഇതിനായി ആകെ എത്ര തുക ആവശ്യമാണെന്നും വിശദമാക്കാമോ?

<u>ഒ.ഇ.സി. വിഭാഗക്കാരുടെ സംവരണം ആനുകൂല്യം</u>

3743. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി വിഭാഗക്കാരുടെ മക്കൾക്ക് മൂന്ന് ശതമാനം സംവരണം അനുവദിച്ച് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഏതൊക്കെ കാര്യങ്ങൾക്കാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം പ്ലസ് വൺ പ്രവേശനത്തിന് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പരാതി പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ആഭ ഇന്റർനാഷണൽ അക്കാദമിയുടെ പ്രവർത്തനം</u>

3744. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ ഇന്റർനാഷണൽ അക്കാദമിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മിഡ്ബ്രെയിൻ സ്റ്റിമുലേഷൻ പരിപാടിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇതു പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കെ.ജി.ടി.എ ടൈപ്പ് റൈറ്റിംഗ് പരീക്ഷകളിൽ ബധിര-മൂക വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

3745. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.ടി.എ ടൈപ്പ് റൈറ്റിംഗ് പരീക്ഷകളിൽ ബധിര-മൂകരായ വിദ്യാർത്ഥികൾക്ക് നിശ്ചിത സമയ പദ്ധതിയിൽ കൂടുതൽ സമയവും ഗ്രേസ് മാർക്കും അനുവദിക്കുവാൻ ചട്ടം നിലവിലുണ്ടോ;

(ബി) അല്ലാത്തപക്ഷം ഇത്തരം വിദ്യാർത്ഥികളുടെ പ്രോത്സാഹനത്തിനും സഹായത്തിനുമായി ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും ചട്ടങ്ങൾ രൂപീകരിക്കുവാൻ തയ്യാറാകുമോ?

ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

3746. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം സ്പോർട്സ് സയൻസിൽ ഉന്നത യോഗ്യതയുള്ള ഒരു ഹെഡിന്റെ കീഴിൽ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആവശ്യാനുസരണം കായിക പരിശീലകരില്ലാത്തത് പ്രസ്തുത സ്കൂളിന്റെ തകർച്ചയ്ക്ക് കാരണമായെന്നുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ അടിയന്തരമായി പരിശീലകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനെ സംബന്ധിക്കുന്ന ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സായി യുടെ സഹായത്താൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സായി ഡയറക്ടർ ജനറലിന് നൽകിയ പ്രൊപ്പോസൽ പ്രകാരം കൂടുതൽ സഹായം ഉറപ്പാക്കുന്നതിനായി സർക്കാർതലത്തിൽ സായി യെ സമീപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 550 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾ കുട്ടികളുടെ പഠനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ 2015 മെയ് മാസത്തിന് മുൻപ് പൂർത്തിയാക്കേണ്ടതായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ;

(ഇ) ജൂൺ, ജൂലായ് മാസങ്ങൾ മഴക്കാലമായതിനാലും മാർച്ച് മാസം പരീക്ഷ നടക്കുന്ന സമയമായതിനാലും മദ്ധ്യവേനലവധി ഉൾപ്പെടെ തുടർച്ചയായി വിദ്യാർത്ഥികൾക്ക് 5 മാസം

പരിശീലനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിന് പരിഹാരമായി മദ്ധ്യവേനലവധിക്കാലം കായികപരിശീലനത്തിന് ഉപയോഗിക്കാനും ദിവസം 12 മണിക്കൂർ കായിക പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉച്ചയ്ക്കുശേഷം വിശ്രമം അനുവദിക്കുന്ന രീതിയിൽ ക്രമീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി നവീകരണം</u>

3747. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പാഠ്യപദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ?

<u>ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് മറ്റൊരു എയ്ഡഡ് ഹൈസ്കൂളിലേക്കുള്ള നിയമനം</u>

3748. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ മൂലമോ മറ്റുകാരണങ്ങളാലോ ഒരു അദ്ധ്യാപകനെ മറ്റൊരു എയ്ഡഡ് ഹൈസ്കൂളിൽ പുതുതായി നിയമിക്കുമ്പോൾ അയാളുടെ മുൻ ശമ്പളവും മുൻകാല സർവ്വീസും ആനുകൂല്യങ്ങളും സംരക്ഷിച്ചു നൽകുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇത്തരത്തിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകന്റെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ?

<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ</u>

3749. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുമായി പരീക്ഷാഭവനിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണത്തിൽ തീർപ്പു കൽപ്പിച്ചുവെന്നും വിശദമാക്കാമോ ;

(ബി) സർട്ടിഫിക്കറ്റുകളിൽ തെറ്റുകൾ കടന്നു കൂടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ലബ്ബ കമ്മീഷന്റെ ശുപാർശകൾ</u>

3750. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ലബ്ബ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്മീഷൻ ശുപാർശയിൽ പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കണമെന്ന നിർദ്ദേശം ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഹയർസെക്കന്ററി സ്കൂളുകളിൽ പുതിയ ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുന്നതിനോ, പുനഃക്രമീകരണത്തിലൂടെ തസ്തിക സൃഷ്ടിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ?

<u>അധിക അദ്ധ്യാപകരെ സർവീസിൽ നിലനിർത്തുന്നതിന് നടപടി</u>

3751. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അധിക അദ്ധ്യാപകർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവരെ സർവീസിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജിലെ നിർദ്ദേശങ്ങൾ വിശദമാക്കാമോ?

<u>ജിജി ഉൾപ്പെടെയുള്ള അധ്യാപകരുടെ നിവേദനം</u>

3752. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ L1/6666/2015 ഫയലിൽ ജിജി തുടങ്ങിയ അധ്യാപകരുടെ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, ഫയൽ തീർപ്പാക്കിയ ഉത്തരവ് തുടങ്ങി ഫയലിലെ മുഴുവൻ രേഖകളും ഉൾപ്പെടുന്നത്) ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ സമർപ്പിക്കപ്പെട്ട പരാതിക്കാരുടെ വാദപത്രത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള വിദ്യാലയത്തിൽ സമാന സാഹചര്യത്തിൽ അധ്യാപകർക്ക് നിയമന അംഗീകാരം നല്കിയതുമായി ബന്ധപ്പെട്ട ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, തീർപ്പാക്കിയ ഉത്തരവ് മുതൽ ഫയലിലെ മുഴുവൻ രേഖകളുടെയും പകർപ്പ്) ലഭ്യമാക്കാമോ ;

(സി) കോഴിക്കോട് വിദ്യാഭ്യസ ഉപഡയറക്ടറേറ്റിൽ ഇത് സംബന്ധിച്ചുള്ള ഫയൽ നമ്പർ വ്യക്തമാക്കാമോ ; പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, തീർപ്പാക്കിയ ഉത്തരവ് തുടങ്ങി മുഴുവൻ രേഖകളും) ലഭ്യമാക്കാമോ ; കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറാപ്പീസിൽ പരിപാലിക്കപ്പെട്ടിട്ടുള്ള സംരക്ഷിതാധ്യാപകരുടെ രജിസ്റ്റർ/സ്ഥിതിവിവരം അവലംബമാക്കി 2006-07 മുതൽ 2010-2011 വരെ വിവിധ കാറ്റഗറിയിൽ ഉള്ള സംരക്ഷിതാധ്യാപകരുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഹെഡ് മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെയും നിയമനം

3753. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.കെ.രാജു
,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിൽ ഹെഡ് മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെയും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽ നിന്നും ഹെഡ് മാസ്റ്റർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഹെഡ് മാസ്റ്റർമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊമോഷൻ ടെസ്റ്റിൽ ജയിക്കുന്നവരെ ഹെഡ് മാസ്റ്റർമാരായി നിയമിച്ചാൽ മതിയെന്ന് തീരുമാനമുണ്ടോ ;

(ഡി) സർവ്വീസ് റൂൾ അനുസരിച്ച് അമ്പത് വയസ്സ് കഴിഞ്ഞവരെ പ്രമോഷൻ ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിനുള്ള അംഗീകാരം

3754. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അംഗീകാരം നൽകിയത്; സർക്കാർ , എയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്തെ പഴയ ലക്കിടി ജി.എസ്.ബി. സ്കൂൾ പ്രീപ്രൈമറി ക്ലാസ്സ് തുടങ്ങുന്നതിനായി അനുവാദം ആവശ്യപ്പെട്ടിരുന്നുവോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം

3755. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നാളിതുവരെയായി നിയമിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഹയർ സെക്കന്ററി ഡയറക്ടേറ്റിലെ ജീവനക്കാരുടെ ദൗർലഭ്യം

3756. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ഡയറക്ടേറ്റിൽ ആവശ്യത്തിനനുസരിച്ച് ജീവനക്കാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

പ്ലസ് ടു താത്കാലിക അധ്യാപകരുടെ വേതനം

3757. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ താല്കാലികമായി പഠിപ്പിക്കുന്ന അധ്യാപകർക്ക് വേതനം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ജോലിനോക്കുന്ന എത്ര താല്കാലിക അധ്യാപകരാണ് സർക്കാർ എയ്ഡഡ് മേഖലയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ പുതിയ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കുമോ?

പ്ലസ് ടു അഡ്മിഷൻ

3758. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പ്ലസ് ടു കോഴ്സിന് നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ കാലങ്ങളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ച് ആരംഭിക്കാത്ത സ്കൂളുകളുടെ ബാച്ചുകൾ റദ്ദുചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

പ്ലസ് ടു അദ്ധ്യാപകരുടെ ഒഴിവുകൾ

3759. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പ്ലസ് ടു തലംവരെ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

പ്ലസ് വൺ പ്രവേശനം

3760. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് ഓരോ ജില്ലയിലും വർദ്ധിപ്പിച്ച സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ ജില്ലയിലും പ്രവേശനത്തിനായി എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വർദ്ധിപ്പിച്ച സീറ്റുകളിൽ പ്രവേശനം നടത്തിയാലും അപേക്ഷ നൽകിയിട്ടുള്ള എത്ര വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കില്ല എന്ന് അറിയിക്കാമോ;

(ഡി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ഇ) ഏതെങ്കിലും വിദ്യാലയങ്ങളിലോ, ജില്ലകളിലോ അപേക്ഷകരെക്കാൾ കൂടുതൽ സീറ്റുകൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എഫ്) ഇത്തരം സീറ്റുകൾ മറ്റു ജില്ലകളിലേയ്ക്ക് പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി

3761. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഹയർ സെക്കന്ററി അദ്ധ്യാപകേതര ജീവനക്കാരെ സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത കമ്മിറ്റി പരിശോധിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ലാബ് അസിസ്റ്റന്റുമാരുടെ നിലവിലുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് എന്ന നിബന്ധന മാറ്റി അവർക്ക് തൊഴിലിന് സഹായകരമാവുന്ന പ്രായോഗിക പരിശീലന പരിപാടി (ഇൻ സർവ്വീസ് കോഴ്സ്) ഏർപ്പെടുത്തുവാനുള്ള ആവശ്യം സ്പെഷ്യൽ റൂൾ ഭേദഗതി സമിതിയുടെ പരിഗണനയിൽ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ലാബ് അസിസ്റ്റന്റുമാരുടെ യോഗ്യതാപരിഷ്കരണം,അധ്യാപക/അനധ്യാപക പ്രമോഷൻ എന്നീ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ പരിഗണനയിലുണ്ടോ;

(എഫ്) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിലപാടുകൾ വ്യക്തമാക്കുമോ?

## ഹയർ സെക്കന്ററി തുല്യതാ കോഴ്സ്

3762. ശ്രീ.എം.എ. വാഹീദ്
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ഹയർ സെക്കണ്ടറി വകുപ്പിലെ പുതിയ അധ്യാപക തസ്തികകൾ

3763. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പ് പുതുതായി എത്ര അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളത് ; അവയുടെ തരംതിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം

3764. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം 9am മുതൽ 4.45 വരെ ആക്കിയപ്പോൾ മധ്യാഹ്നത്തിലുള്ള ഇടവേളകൾ ഹൈസ്കൂളിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത സമയത്തിലായി മാറിയിട്ടുള്ളതു മൂലമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തന സമയം ഹൈസ്കൂളിന് ഇടവേളയായി മാറുന്നതു മൂലമുണ്ടാകുന്ന ശബ്ദദായമാനമായ അന്തരീക്ഷം മൂലം മിക്ക സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ അദ്ധ്യയനം തടസ്സപ്പെടുന്നതു ഒഴിവാക്കാൻ വേണ്ട അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ ;

(സി) ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് നിലവിൽ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾ</u>

3765. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി വരുന്ന കരിയർ ഗൈഡൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;പദ്ധതി നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഭാവി വിദ്യാഭ്യാസ പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ടി പദ്ധതിയുടെ നടത്തിപ്പിൽ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചിട്ടുള്ളതായി ആഡിറ്റ് പരാമർശവും പത്രവാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശം തരാമോ;

(സി) ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റേയും മേഖലാ ഓഫീസുകളുടേയും പ്രവർത്തനം താളം തെറ്റിക്കും വിധം ജീവനക്കാരുടെ ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ ;ജീവനക്കാരെ സർക്കാർ തീരുമാനപ്രകാരം വിടുതൽ ചെയ്തിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ ;സർക്കാർ ഉത്തരവിനു വിരുദ്ധമായി വകുപ്പിൽ സാധാരണ ഡെപ്യൂട്ടേഷനിൽ തുടരുന്നവരുണ്ടോ;

(ഡി) ഹയർ സെക്കന്ററി വകുപ്പിൽ സ്പെഷ്യൽ റൂൾസ്, സംയോജിത സീനിയോറിറ്റി ലിസ്റ്റ് എന്നിവ തയ്യാറാക്കണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശ പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേയ്ക്ക് നിശ്ചിത ശതമാനം തസ്തികകൾ നീക്കിവച്ചിട്ടുണ്ടോ ?

<u>ഹയർ സെക്കന്ററി വിഭാഗത്തിലെ ഒഴിവുകൾ</u>

3766. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രിൻസിപ്പൽ, അദ്ധ്യാപകർ, ലാബ് അസിസ്റ്റൻറുമാർ എന്നിവരുടെ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രിൻസിപ്പൽമാരുടെ പ്രമോഷൻ ലിസ്റ്റ് നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) എൽ.പി, യു.പി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്കുള്ള അദ്ധ്യാപകരുടെ പ്രമോഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഷയങ്ങളിലെ അദ്ധ്യാപകരുടെ ലിസ്റ്റ് ആണ് നിലവിലുള്ളതെന്നും നിയമന നടപടി ഏതുവരെ ആയി എന്നും വിശദാംശം ലഭ്യമാക്കുമോ?

ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം

3767. ശ്രീ.എം.എ.ബേബി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡം മാറ്റുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതികളിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ നിലപാട് വിശദമാക്കാമോ ;

(സി) 2015 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഹയർ സെക്കന്ററി അധ്യാപകരെ കൂട്ടത്തോടെ അന്യജില്ലകളിലേക്ക് മാറ്റാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ സർക്കാർ വിദ്യാലയങ്ങളിലെ അക്കാദമിക അന്തരീക്ഷത്തെ ബാധിക്കുന്ന പ്രസ്തുത തീരുമാനത്തിൻെറ അടിസ്ഥാനം വിശദമാക്കാമോ ;

(ഡി) 2015 മേയ് മാസത്തിലെ ഉത്തരവ് പ്രകാരം മാർച്ച് മാസം നടത്തേണ്ട സ്ഥലംമാറ്റം ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ നടത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥലംമാറ്റം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിരുന്നോ ; 2015 മേയ് മാസത്തിൽ കമ്മീഷൻ നൽകിയ ഉത്തരവ് സംബന്ധിച്ച് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത ഉത്തരവിന് വിരുദ്ധമാണ് ഇപ്പോഴത്തെ സ്ഥലംമാറ്റ ഉത്തരവ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വിശദമാക്കാമോ ;

(ജി) ഇതിനകം നടത്തിയ സ്ഥലംമാറ്റങ്ങളും പ്രമോഷനും സംബന്ധിച്ചുണ്ടായ പരാതികളിൽ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നവയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഹയർ സെക്കണ്ടറി കാര്യാലയങ്ങൾ മുഖാന്തിരം നൽകുന്ന സേവനങ്ങൾ സേവനാവകാശനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

3768. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ ഹയർ സെക്കണ്ടറി മേഖലാ കാര്യാലയങ്ങൾ മുഖാന്തിരം നൽകുന്ന കേവലം രണ്ടു സേവനങ്ങൾ മാത്രമാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് എന്നതിന്റെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യാലയങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന ഇതര സേവനങ്ങൾ, പൊതുജനങ്ങൾക്ക് ബന്ധപ്പെട്ടവർ നൽകേണ്ടുന്നതിന്റെ സമയപരിധിയില്ലായ്മയിലാണോ ഇത്തരം നടപടി എന്ന് അറിയിക്കുമോ ;

(സി) അടിയന്തരമായി ഈ കാര്യാലയത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ സേവനങ്ങളും സേവനാവകാശനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി</u>

3769. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ചുമതല ഏതു പ്രസ്സിനാണ് നൽകിയിരിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) ടെൻഡർ നടപടികൾ പാലിച്ചാണോ പ്രസ്തുത പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത് ; ഇല്ലെങ്കിൽ ടെൻഡർ കൂടാതെ സ്വകാര്യപ്രസ്സിന് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ചുമതല നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വൈകിച്ച് ടെൻഡർ കൂടാതെ സ്വകാര്യ പ്രസ്സിന് നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സ്വകാര്യ പ്രസ്സിന് എത്ര രൂപയാണ് നൽകേണ്ടിവരുന്നത് ?

<u>ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അനുവദിച്ച അധിക ബാച്ചുകൾ</u>

3770. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എത്ര സർക്കാർ സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

(ബി) ഇപ്രകാരം പുതുതായി ബാച്ചുകൾ അനുവദിച്ച സർക്കാർ സ്കൂളുകളിൽ കൂടുതലായി അധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(സി) പ്രസ്തുത അധിക ബാച്ചുകളിലേക്ക് അധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള പോരായ്മകൾ

എപ്രകാരമാണ് പരിഹരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ താല്ക്കാലിക അധ്യാപകരെ നിയമിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ കുട്ടികളുടെ അദ്ധ്യയനം എപ്രകാരം നടക്കുമെന്ന് വ്യക്തമാക്കാമോ?

(ഇ) പ്രസ്തുത സ്കൂളുകളിൽ അടിയന്തരമായി അധ്യാപകരെ നിയമിക്കുന്നതിനോ അല്ലാത്തപക്ഷം മാന്യമായ വേതനം നൽകി താല്ക്കാലിക അധ്യാപകരെ നിയമിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഭരണപരമായ പൊരുത്തക്കേട്

3771. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗം ഉള്ള സ്കൂളുകളിൽ ഒരേ സമയം രണ്ട് അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായി പ്രിൻസിപ്പലും ഹെഡ് മാസ്റ്ററും ഒരു സ്ഥാപനത്തിനുണ്ടാകുന്നതിലെ ഭരണപരമായ പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വിഷയം സമയബന്ധിതമായിപരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

## സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട അസംബ്ലി മണ്ഡലങ്ങൾ

3772. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലങ്ങളിലെ സ്കൂളുകൾക്ക് അടുക്കള നവീകരണത്തിനും ടോയ്‍ലറ്റ് നിർമ്മാണത്തിനും ഫണ്ട് നൽകുന്നുണ്ടോ ; എങ്കിൽ ഓരോ മണ്ഡലത്തിലും ഏതെല്ലാം സ്കൂളുകൾക്ക് എത്ര ഫണ്ട് വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ ജീവനക്കാർ

3773. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; വിശദമാക്കുമോ;

(ബി) വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്ര പേർ ഡെപ്യൂട്ടേഷനിൽ ഹയർ സെക്കൻഡറി

ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നു;

(സി) ഡെപ്യൂട്ടേഷനിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യഥാർത്ഥ ശമ്പള സ്കെയിലും അവർ ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്ന സ്കെയിലും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ശമ്പളക്കമ്മീഷൻ യൂണിവേഴ്സിറ്റി ജീവനക്കാരെ തിരികെ അവരുടെ മാതൃവകുപ്പിൽ അയക്കണമെന്ന് ശുപാർശ ചെയ്തിട്ടും നാളിതുവരെ അയക്കാത്തതെന്തുകൊണ്ട്; ഇപ്രകാരം ഡെപ്യൂട്ടേഷനിൽ തുടരുന്നവർ മൂലം ഹയർ സെക്കൻഡറി ഡയറക്ടറേറ്റിനു കഴിഞ്ഞ 5 വർഷം എത്ര കോടി രൂപ ശമ്പളയിനത്തിൽ അധികച്ചെലവ് വന്നിട്ടുണ്ട്; പ്രസ്തുത ജീവനക്കാരെ തിരികെ അയക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ലോവർ ഡിവിഷൻ ക്ലർക്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഏഴോം ഗവൺമെൻറ് വെൽഫയർ എൽ.പി സ്കൂളിന് സ്വന്തമായി കെട്ടിടം</u>

3774. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം ഗവൺമെൻറ് വെൽഫെയർ എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്കൂളിന് സ്വന്തം സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>എച്ച്.എസ്.എ യിൽ നിന്ന് എച്ച്.എസ്.എസ്.റ്റി( കോമേഴ്സ്) ആയി പ്രമോഷൻ</u>

3775. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. യിൽ നിന്ന് എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്)ആയി പ്രമോഷന് അർഹതയുണ്ട്; വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ആയതിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ?

<u>എച്ച്.എസ്.എസ്.റ്റി സീനിയർ പോസ്റ്റിലേക്കുള്ള നിയമനം</u>

3776. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി സീനിയർ റാങ്ക് ലിസ്റ്റിൽ ഒഴിവില്ലാതെ വരുമ്പോൾ ജൂനിയർ പോസ്റ്റിൽ നിയമിച്ചു കഴിഞ്ഞാലും റാങ്ക് ലിസ്റ്റ് കാലാവധി തീരുന്നതിനു മുമ്പെ സീനിയറിൽ ഒഴിവ് വരുകയാണെങ്കിൽ പ്രസ്തുത ജൂനിയർ പോസ്റ്റിൽ ജോയിന്റ് ചെയ്ത ഉദ്യോഗാർത്ഥിക്ക് സീനിയറിലേക്ക് മാറ്റുന്നതിന് തടസ്സമുണ്ടോ ; ഇതു സംബന്ധിച്ചുള്ള അവ്യക്തത മാറ്റാമോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സീനിയർ പോസ്റ്റിലേക്ക് അവസരം ഒരുക്കുന്നതിന് നീതിപൂർവ്വമായ നടപടി വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുമോ ; ഇതു സംബന്ധിച്ച് വ്യക്തമായ വിശദാംശങ്ങൾ അറിയിക്കാമോ ?

<u>സൗജന്യ യൂണിഫോം പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

3777. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ച സൗജന്യയൂണിഫോം പദ്ധതിക്കു എസ് എസ് എ യിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സൗജന്യ യൂണിഫോം പദ്ധതി നടപ്പു അധ്യയന വർഷവും നടപ്പിലാക്കാൻ കഴിയാത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) സൗജന്യ യൂണിഫോം പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എത്ര കുട്ടികൾക്കാണ് നടപ്പു അധ്യയന വർഷം യൂണിഫോം വിതരണം ചെയ്യേണ്ടത്; ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>അടച്ചു പൂട്ടുന്ന എയ്ഡഡ് സ്കൂളുകൾ</u>

3778. ശ്രീ.എളമരം കരീം
,, വി.ശിവൻകുട്ടി
,, കെ. ദാസൻ
,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾ വാണിജ്യ സമുച്ചയങ്ങൾ പണിയുന്നതിനായി അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അധ്യയന വർഷാരംഭത്തിൽ എത്ര മാനേജ് മെന്റ് സ്കൂളുകളാണ് നോട്ടീസ് നല്കി പൂട്ടിയത് എന്നറിയിക്കാമോ ;

(സി) 2011 ലെ കേരള വിദ്യാഭ്യാസ അവകാശ നിയമം പ്രകാരം ഈ സ്കൂളുകൾ അടച്ചുപൂട്ടാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടായിരുന്നോ ;

(ഡി) സർക്കാർ തീരുമാനത്തിനായി കോടതി എത്ര മാസമാണ് അനുവദിച്ചിരുന്നത് ;

(ഇ) ഈ സമയപരിധിക്കുള്ളിൽ ഒരു തീരുമാനമെടുക്കാൻ സാധിച്ചിരുന്നോ ;

(എഫ്) ഈ അനാസ്ഥ കാരണമാണ് മാനേജ്മെന്റുകൾക്കനുകൂലമായ കോടതി വിധി ഉണ്ടായതെന്നു കരുതാമോ ?

<u>ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം</u>

3779. ശ്രീ.കെ.എൻ.എ.ഖാദർ

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക്

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഗവൺമെൻറ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം മുൻ വർഷത്തേതുമായി താരതമ്യം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും അതിനുള്ള കാരണവും പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉയർന്ന ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സംസ്ഥാന സിലബസ്സിന് അതിലുള്ള പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

<u>എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം</u>

3780. ശ്രീ.റ്റി.യു. കുരുവിള

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) റിട്ടയർമെന്റ് ഉൾപ്പെടെ വരുന്ന ഒഴിവുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ ഇത്തരം സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എപ്പോൾ തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ ?

<u>തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ തൊഴിൽ നൈപുണ്യ വികസനം</u>

3781. ശ്രീ.അൻവർ സാദത്ത്

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## സ്കൂൾ - കോളേജ് ലൈബ്രറികൾ

3782. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ രാജ്യതന്ത്രജ്ഞനായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോനെ കുറിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ'എന്ന ജീവചരിത്ര ഗ്രന്ഥം സംസ്ഥാനത്തെ സ്കൂൾ - കോളേജ് ലൈബ്രറികളിൽ വാങ്ങണമെന്ന നിർദ്ദേശമുണ്ടായിട്ടും ബഹുഭൂരിപക്ഷവും വാങ്ങാത്തതിനെക്കുറിച്ചന്വേഷിക്കാമോ ;

(ബി) സ്കൂൾ - കോളേജ് ലൈബ്രറികളുടെ ചുമതല വഹിക്കുന്നവർ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് ,തങ്ങളുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ പ്രസാധകരുടെ നിലവാരമില്ലാത്ത പുസ്തകങ്ങൾ വാങ്ങുന്നതിനെക്കുറിച്ചന്വേഷിക്കാമോ ; ഇത് പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ ?

## ചുളിക്ക ഗവ. എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യാൻ നടപടി

3783. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽപ്പെട്ട ചുളിക്ക ഗവ. എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.ടി.എ. സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ശ്രീമതി അനു എൽസാഎബ്രഹാമിന്റെ നിയമനാംഗീകാരം

3784. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സി.എം.എസ് ഹൈസ്കൂൾ ,മല്ലപ്പള്ളി യിൽ 2013 ആഗസ്റ്റ് മുതൽ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) ആയി ജോലി ചെയ്യുന്ന ശ്രീമതി അനു എൽസാ എബ്രഹാമിനു സർക്കാർ അംഗീകാരം കിട്ടാത്തതിനാൽ ശമ്പളം കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തെ സംബന്ധിക്കുന്ന ഫയലിന്റെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ; (RDD Office File No. TRD/6/9746/HSE/12)

(സി) സി.എം.എസ് ഹൈസ്കൂൾ മാനേജ്മെന്റ് നടത്തിയ ഇന്റർവ്യൂവിന്റെ റാങ്ക് ലിസ്റ്റ് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ശ്രീമതി അനു എൽസാ എബ്രഹാമിന്റെ റാങ്ക് നമ്പർ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ടീച്ചർക്ക് എത്രയും പെട്ടെന്ന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>സ്കൂൾ കോളേജ് ജീവനക്കാരുടെ എണ്ണം</u>

3785. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലുമായി എത്ര അദ്ധ്യാപക - അദ്ധ്യാപകേതര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഇവരിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>സ്കൂൾ ബാഗിന്റെ അമിത ഭാരം</u>

3786. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ പ്രൈമറി, പ്രൈമറി, ഹൈസ്കൂൾ എന്നവിടങ്ങളിൽ ഓരോ ക്ലാസിലും സ്റ്റേറ്റ്/സി.ബി.എസ്.ഇ. ഉടങ്ങി മറ്റു സിലബസ്സുകളിൽ എത്ര കുട്ടികൾ പഠിക്കുന്നു ; ജില്ല തിരിച്ചും ഓരോ വിദ്യാഭ്യാസ സിലബസ്സ് പ്രകാരവും സർക്കാർ/സ്വകാര്യ മേഖല തിരിച്ചും വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിലെ പ്രീ പ്രൈമറി/പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പുസ്തക സഞ്ചി, പഠന ഭാരവും ശാരീരിക പ്രശ്നങ്ങളും ഉണ്ടാക്കുന്നത് കഴിഞ്ഞ സർക്കാരും ഈ സർക്കാരും പരിശോധിച്ചുവോ; എങ്കിൽ കഴിഞ്ഞ സർക്കാർ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും ഈ സർക്കാർ നാളിതുവരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) സ്കൂൾ ബാഗിന്റെ അമിത ഭാരം കാരണം 10 വയസ്സിനു താഴെയുള്ള 58% കുട്ടികളിലും അസ്ഥി സംബന്ധമായ രോഗമുള്ളതായി മഹാരാഷ്ട്ര ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടുവോ എന്നും കേരള സർക്കാർ ഇക്കാര്യം പരിശോധിച്ചുവോ എന്നും എങ്കിൽ വിശദാംശം എന്ത് എന്നും ഇതു തടയാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>പുഷ്പലത ടീച്ചറുടെ മരണം</u>

3787. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ചിത്തണ്ണി ഗവഃ ഹൈസ്കൂൾ പ്രധാന അധ്യാപികയായിരുന്ന പുഷ്പലതടീച്ചറുടെ മരണവുമായി ബന്ധപ്പെട്ട് എ.ഡി.പി.ഐ. അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നുവോ; റിപ്പോർട്ടിന്റെ വിശദാംശം നൽകാമോ;

(ബി) അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റിനും സീനിയർ സൂപ്രണ്ടിനും എതിരായി നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്ത പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എ.ഡി.പി.ഐ. അന്വേഷണം നടത്തി ഡി.പി.ഐ. യ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതെ പുതിയതായി ഹിയറിംഗ് നടത്താനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) വിദ്യാഭ്യാസ സെക്രട്ടറി ഹിയറിംഗ് നടത്തി എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ;

(ഇ) പുഷ്പലത ടീച്ചർ മരിക്കാനിടയായ സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് ജീവനക്കാർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം</u>

3788. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിൽ, ഹൈസ്കൂൾ വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം എത്ര; തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു; വിശദമാക്കാമോ;

(ബി) 2015-16 അധ്യയന വർഷം ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ ക്ലാസിലും എത്ര ഡിവിഷനുകളാണുള്ളത്; വ്യക്തമാക്കാമോ;

(സി) ഹൈസ്കൂളായി ഉയർത്തിയതിനെത്തുടർന്ന് ആവശ്യമായ അനധ്യാപകരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും കുറവ് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും നവീകരണവും</u>

3789. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികളുടെ നവീകരണത്തിന് സർക്കാർ നൽകിവരുന്ന ഗ്രാന്റ് തുക 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഇക്കാലയളവിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; അതിൽ എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ ലൈബ്രേറിയൻമാർക്ക് കുറഞ്ഞ വേതനം നിശ്ചയിച്ചിട്ടുണ്ടോ; തുക എത്രയാണ്; അത് അവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര സ്കൂൾ ലൈബ്രറികൾ ലൈബ്രേറിയൻമാരില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം</u>

3790. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ മെനു വിശദമാക്കാമോ;

(ബി) പ്രസ്തുത മെനു പ്രകാരമുള്ള ഉച്ചഭക്ഷണവിതരണം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉച്ചഭക്ഷണ വിതരണത്തിന് വിദ്യാർത്ഥി ഒന്നിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ്;

(ഡി) പ്രസ്തുത തുക കാലോചിതമായി ഉയർത്തുന്നതിനും ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

## സ്കൂൾ കുട്ടികൾക്കായുള്ള ഉച്ചഭക്ഷണ പദ്ധതി

3791. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്നും ഇതിനായി ഓരോ സ്കൂളുകളിലും എത്ര തുക മറ്റു ഭക്ഷ്യസാധനങ്ങൾക്കു നൽകുന്നു എന്നും ഇതിനായി ഓരോ ജില്ലയിലും ചിലവാക്കുന്ന തുക എത്ര എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പല സ്കൂളുകളിലും ഉച്ചഭക്ഷണം ഫലപ്രദമായി നൽകുന്നില്ല എന്നും ആയതിന്റെ കാരണം സർക്കാർ സഹായം ലഭിക്കുന്നത് യഥാസമയമല്ല എന്നതും പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇവ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്നു ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അഴിമതിയും യഥാസമയം പരിശോധനയില്ലാത്തതും മൂലം സർക്കാർ സ്കൂൾ കുട്ടികൾക്ക് പോഷകസമൃദ്ധമായ ആഹാരമോ അത് യഥാസമയം ലഭിക്കുന്നതോ ഉറപ്പാക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർക്ക് കഴിയാത്തത് പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(ഇ) പോഷകസമൃദ്ധമായ ആഹാരത്തിന് സർക്കാർ അനുവദിച്ച തുക എത്ര; ഇതിന്നായുള്ള സർക്കാർ പാചകക്കൂലി എത്ര; കയറ്റിറക്കുകൂലി എത്ര എന്നും പ്രീപ്രൈമറി തുടങ്ങി ഓരോ വിഭാഗത്തിനും സർക്കാർ നിഷ്കർഷിച്ച ആഹാരസാധനങ്ങൾ എന്തെല്ലാം എന്നും ഇതിൽ നൽകിവരുന്നത് എത്ര എന്നും ഇവ പ്രസ്തുത കുട്ടികൾക്ക് ഇന്ന് സർക്കാർ നിശ്ചയിച്ച തുകയിൽ കൊടുക്കാൻ പറ്റുമോ എന്നുള്ള കാര്യവും വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ പ്രസ്തുത തുക കൂട്ടി നിശ്ചയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## ഫിസിക്സ് അദ്ധ്യാപക ഒഴിവ് സംബന്ധിച്ച്

3792. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി ഫിസിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) 2012-ന് ശേഷം അനുവദിച്ച പുതിയ ബാച്ചിന് പോസ്റ്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഫിസിക്സ് വിഷയത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ ?

<u>ഫിസിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ</u>

3793. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി, വി. എച്ച്. എസ്. ഇ. വിഭാഗങ്ങളിൽ ഫിസിക്സ് വിഷയത്തിൽ സീനിയർ, ജൂനിയർ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) നിലവിലുള്ള ഫിസിക്സ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു ;

(സി) വി. എച്ച്. എസ്. ഇ. വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ മറ്റു തസ്തികകളിൽ നിന്നും അദ്ധ്യാപകരായി ജോലി ചെയ്യുന്നവർ എത്രയാണ് ;

(ഡി) ഹയർ സെക്കന്ററി, വി. എച്ച്. എസ്. ഇ. വിഭാഗങ്ങളിലുള്ള ഫിസിക്സ് വിഷയത്തിലെ ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>മലപ്പുറം ജില്ലയിലെ എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

T 3794. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിൽ എത്ര പേർ അവശേഷിക്കുന്നുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കാസർഗോഡ് ജില്ലയിലെ എച്ച്.എസ്.എ മലയാളം തസ്തികയിലെ ഒഴിവുകൾ</u>

3795. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ സ്കൂളുകളിലാണ് ഒഴിവുകൾ ഉള്ളതെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കാമോ ;

(സി) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

<u>കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിൻെറ ശോച്യാവസ്ഥ</u>

3796. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് നടത്തുന്ന കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ശോച്യാവസ്ഥ സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ നൽകുന്ന ഭക്ഷണ വിഹിതം അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, കളി ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കോച്ചുമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) പുതിയ കെട്ടിടം പണിയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ജി) സ്പോർട്സ് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പുനക്രമീകരണം</u>

3797. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഉപജില്ലാവിദ്യാഭ്യാസ ഓഫീസുകൾക്ക് കീഴിലുമുള്ള എൽ.പി, യു.പി. വിദ്യാലയങ്ങളുടെ എണ്ണം പട്ടിക സഹിതം വ്യക്തമാക്കാമോ ;

(ബി) ഓരോ ഉപജില്ലക്ക് കീഴിലും ഉള്ള വിദ്യാർത്ഥികൾ, അധ്യാപക അനധ്യാപക ജീവനക്കാർ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാലയങ്ങളും വിദ്യാർത്ഥികളും ഉള്ള ഉപജില്ലകൾ ഏതെല്ലാം;

(ഡി) ഏറ്റവും കുറവ് വിദ്യാലയങ്ങളും വിദ്യാർത്ഥികളും ഉള്ള ഉപജില്ലകൾ ഏതെല്ലാം ;

(ഇ) വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണം കണക്കാക്കി ഭരണസൗകര്യത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കാണക്കാരി ഗവൺമെന്റ് യു.പി.എസ്-ന്റെ വഴി യിലൂടെ കോട്ടപ്പുറം നിവാസികൾക്കു സഞ്ചാരസ്വാതന്ത്ര്യം

3798. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കാണക്കാരി ഗവൺമെന്റ് യു.പി.എസ്-ന്റെ വഴി കോട്ടപ്പുറം നിവാസികൾക്കുകൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നു കാണിച്ച് 17-5-2015, 1445/VIP/2015 നമ്പർ പെറ്റീഷന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ഡി.ഡി.ഇ ക്ക് അയച്ചതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഫയലിന് ജി.ഇ.ഡി ഫയൽ നമ്പർ ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ;

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്പൂർ ഗവ.എച്ച്.എസ്.എസ് ന്റെ വഴി ഉപയോഗിക്കുന്നതുസംബന്ധിച്ച് 1585/VIP(Medn)/ 2013 തീയതി 15-7-2013-ൽ നൽകിയ പെറ്റീഷന്റെ റിപ്പോർട്ട് കോട്ടയം ഡി.ഡി.ഇ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എത്രയും വേഗം സർക്കാരിലേക്ക് റിപ്പോർട്ട് നൽകുമോ?

## പാഠപുസ്തക അച്ചടി

3799. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക അച്ചടി നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ കഴിയാതിരുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെന്നും വെളിപ്പെടുത്തുമോ?

## ഉച്ചഭക്ഷണ പദ്ധതി

3800. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിന് ഓരോ കുട്ടിക്കും ഒരു ദിവസം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കുമോ ;

(സി) തുക അപര്യാപ്തമാണെന്ന് വിലയിരുതിയിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ?

(ഡി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട്; അടിയന്തരമായി അത് കൊടുത്ത് തീർക്കുമോ ;

## അദ്ധ്യാപക പാക്കേജ്

3801. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി

,, സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട്, അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയ്ക്കുശേഷം തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന താല്പര്യം ഇക്കാര്യത്തിൽ സംരക്ഷിക്കുന്നതോടൊപ്പം, അദ്ധ്യാപകരുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള തീരുമാനം എത്രയും വേഗം കൈക്കൊള്ളുമോ ?

## അദ്ധ്യാപക പാക്കേജ്

3802. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ ഭരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പാക്കേജ് എന്ന് പ്രാബല്യത്തിൽ വരും; വിശദാംശം വെളിപ്പെടുത്താമോ?

## അദ്ധ്യാപക പാക്കേജ്

3803. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമൂലം സർക്കാർ മേഖലയിലെ എത്ര അദ്ധ്യാപകർക്കും, എയിഡഡ് മേഖലയിലെ എത്ര അദ്ധ്യാപകർക്കും നിലവിൽ ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്ന് വിശദമാക്കാമോ ?

## അനർഹമായ പ്രമോഷൻ

3804. ശ്രീ.എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി നിയമനം നേടിയ 11 ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക സർവ്വീസുകൂടി കണക്കിലെടുത്ത് സീനിയോറിറ്റി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനർഹമായ സീനിയോറിറ്റി പരിഗണനയിലൂടെ പ്രമോഷൻ ലഭിച്ചവർക്കെതിരെ

എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>പാഠപുസ്തക അച്ചടിയും വിതരണവും</u>

3805. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠപുസ്തകം പൂർണ്ണമായി എത്ര ദിവസത്തിനകം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും; നിലവിൽ പാഠപുസ്തകം അച്ചടിക്കുന്നത് ഏത് പ്രസ്സിലാണ്; എത്ര പാഠപുസ്തകങ്ങളാണ് നിലവിൽ പ്രസ്തുത പ്രസിൽ അച്ചടിക്കുന്നത്; ഇതിന് ആവശ്യമായി വരുന്ന തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാഠപുസ്തക അച്ചടിക്കായി ടെൻഡർ ക്ഷണിച്ചതാരാണ്; ഏത് ദിവസമാണ് ടെൻഡർ ക്ഷണിച്ചത്; ഏതൊക്കെ പ്രസുകൾ ടെൻഡറിൽ പങ്കെടുത്തു; ഇതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ടെൻഡറിൽ പങ്കെടുത്ത പ്രസുകൾ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>തൃശ്ശൂർ ജില്ലയിലെ വിദ്യാലയങ്ങളിലെ ഒഴിവുള്ള തസ്തികകൾ</u>

T 3806. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപകർ , അദ്ധ്യാപകേതര ജീവനക്കാർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം കാര്യക്ഷമമാക്കാൻ നടപടി</u>

3807. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷ പഠിപ്പിക്കാൻ അദ്ധ്യാപകരെ അനുവദിച്ചെങ്കിലും മലയാള പഠനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പാക്കാൻ സംസ്ഥാനസർക്കാർ മോണിറ്ററിംഗ് സംവിധാനമെന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഠന നിലവാരം സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ എന്തൊക്കെയാമെന്ന് വിശദമാക്കുമോ;

(സി) സംവിധാനം നിലവിലില്ലെങ്കിൽ മാതൃഭാഷയുടെ പ്രധാന്യം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തുമോ?

<u>കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ലയുടെ വിഭജനം</u>

3808. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറ ജില്ലയിലെ കൊണ്ടോട്ടി ഉപ വിദ്യാഭ്യാസ ജില്ലയിൽ നിലവിൽ എത്ര സ്കൂളുകൾ ഉണ്ട് ; അവിടെയുളള അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മറ്റു ജീവനക്കാരുടേയും എണ്ണം എത്രയാണ് ;

(ബി) പ്രസ്തുത ഉപവിദ്യാഭ്യാസജില്ല വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് 1483/N1/14/G.Edn നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

നെടുങ്ങോലം ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം

3809. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ (എസ്. സി) വകുപ്പിന്റെ 19.5.15 ലെ 35544/SC3/14 നമ്പർ കത്തിൽ അറിയിച്ചതു പ്രകാരം ഈ ആവശ്യത്തിലേക്ക് തുക അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ?

പാഠപുസ്തകം അച്ചടി.

3810. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ അധ്യയന വർഷത്തിൽ പാഠപുസ്തകം അച്ചടിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ആർക്കൊക്കെ ഓർഡറുകൾ കൊടുത്തിട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സ്ഥാപനങ്ങൾക്കും ഓർഡറുകൾ കൊടുത്ത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രവർത്തനം

3811. **ശ്രീ.പാലോട് രവി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(ബി) അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ കാഴ്ചവച്ചിട്ടുള്ളത്;

(സി) ഇതുമൂലം എന്തെല്ലാം അംഗീകാരം സെന്ററിന് ലഭിച്ചിട്ടുണ്ട്;

(ഡി) സെന്ററിന്റെ പ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ നടത്തുന്നതിന് ധനം ഒരു തടസ്സമാണെന്ന് കരുതുന്നുണ്ടോ;

(ഇ) സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ വിദ്യാഭ്യാസ വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(എഫ്) ഈ വർഷത്തെ ബഡ്ജറ്റിൽ സെന്ററിന് വേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കോഴിക്കോട് ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

3812. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിവിധ സർക്കാർ എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്., എച്ച്.എസ്., യു.പി.എസ്., എൽ.പി.എസ്. എന്നിവയിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ട് ; ഒഴിവുള്ള തസ്തികകൾ എന്ന് മുതൽ ഒഴിഞ്ഞുകിടക്കുന്നു ; എപ്രകാരം വന്ന ഒഴിവുകളാണെന്നും ഒഴിവുകൾ ഉള്ള സ്കൂളുകളുടെ പേരും വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകളിൽ ഓരോന്നിലും നിയമനം നടത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ ?

## കുറ്റ്യാടി മണ്ഡലത്തിലെ സ്കൂളിലെ അദ്ധ്യാപക ക്ഷാമം

3813. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പട്ടോളി , പൈങ്ങോട്ടായി , തിരുവള്ളൂർ ഗവൺമെന്റ് യു.പി.സ്കൂൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ സ്കൂളുകളിലെ അധിക അദ്ധ്യാപകരെ പുനർവിന്യസിച്ചോ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയോ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

## പാലിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

3814. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന, അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാലിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

## കൊല്ലത്ത് സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി

3815. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളേജ് ഇല്ലാത്ത നിയോജക മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുമെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം നിയോജക മണ്ഡലത്തിൽ കോളേജ് ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) കൊല്ലം നിയോജക മണ്ഡലത്തിൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## സ്പെഷ്യൽ സ്കൂളുകളിലെ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി

3816. ശ്രീ.ഹൈബി ഈഡൻ
,, കെ.അച്ചുതൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതിക്ക് രൂപം നല്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പാഠ്യപദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക സഹായം ലഭിക്കുന്നത് എവിടെ നിന്നാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ?

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

3817. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനമായോ ; ആയതിന്റെ മാനദണ്ഡം എന്താണ് ; എത്ര സ്കൂളുകൾക്കാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് പദവി നൽകുക;

(ബി) സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളായി ഉയർത്തുക വഴി അവിടെ പഠിക്കുന്നകുട്ടികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഏതൊക്കെ സ്പെഷ്യൽ സ്കൂളുകളാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നത് എന്ന് പേരുസഹിതം വിശദീകരിക്കാമോ?

<u>അമ്പലപ്പുഴ ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപക നിയമനം</u>

3818. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ പുതുതായി പ്ലസ്ടു ക്ലാസ്സുകൾ ആരംഭിച്ചു ; ഓരോ സ്കൂളുകളിലും ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി നൽകിയത് ;

(ബി) ഓരോ പ്ലസ്ടു സ്കൂളിലും അനുവദിച്ച സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ; ഓരോ സ്കൂളിലും നിലവിൽ എത്ര അധ്യാപകരെയും അനധ്യാപകരെയും നിയമിച്ചിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 അധ്യയനവർഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളികളിൽ സ്ഥിരം അധ്യാപകരില്ലാത്ത തസ്തികകളിൽ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിത യോഗ്യതയുള്ള താൽക്കാലിക അധ്യാപകരെ കണ്ടെത്തി നിയമിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

3819. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ബി) അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം കോഴ്സുകൾ നടത്തുന്നു;

(ഡി) പ്രസ്തുത കോഴ്സുകൾക്ക് വേണ്ട അദ്ധ്യാപകരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും അവരുടെ വേതന ഘടനയും വിശദമാക്കുമാക്കുമോ?

<u>മലപ്പുറത്തെ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷ</u>

3820. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മേൽമുറി എ.എം.ഇ.ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷയും ഹൈക്കോടതിയിൽ നിന്നും ഇക്കാര്യത്തിലുള്ള നിർദ്ദേശവും ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 17757/E2/13/G.Edn ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമാനമായ കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആർക്കെല്ലാമാണ് അംഗീകാരം നൽകിയിട്ടുള്ളത് ; ഒരേ വിഷയത്തിൽ ഒരാൾക്ക് കോടതിയുടെ നിർദ്ദേശ പ്രകാരം അനുമതി നൽകുകയും മറ്റൊരാൾക്ക് കോടതി നിർദ്ദേശമുണ്ടായിട്ടും നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>മുന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകന്റെ ഭാര്യക്ക് ജോലി</u>

3821. **ശ്രീ.എ. പ്രദീപ്കുമാർ**

**,, കെ.കുഞ്ഞമ്മത് മാസ്റ്റർ**

**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജരുടെ പീഡനവും കള്ളക്കേസും മൂലം ആത്മഹത്യ ചെയ്ത മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനെ നേരത്തെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ട മാനേജരുടെ നടപടി ഡി.പി.ഐ റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപകന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് പുതിയ ഹയർ സെക്കന്ററി വിഭാഗം</u>

3822. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് പുതിയ ഹയർ സെക്കന്ററി വിഭാഗം അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ മണ്ഡലത്തിലെ വെങ്ങോല മാർ ബഹനാം സഹദാ ജാക്കോബൈറ്റ് സിറിയൻ

വലിയ പള്ളിയുടെ അപേക്ഷ പ്രകാരം ശാലേം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സർക്കാർ സ്കൂളുകളിലെ ഓരോ ഡിവിഷനുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം</u>

3823. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി ഗവ:ഹയർ സെക്കണ്ടറി, വട്ടോളി ഗവ: യു.പി., പൈങ്ങോട്ടായി ഗവ:യു.പി., തിരുവള്ളൂർ ഗവ: യു.പി എന്നിവിടങ്ങളിൽ ഓരോ ഡിവിഷനിലും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുപാതമായി ഡിവിഷൻ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നടപടികൾ സ്വീകരിച്ച് ഡിവിഷൻ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>കാഞ്ഞങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനു സ്വാതന്ത്ര്യസമരസേനാനിയുടെ പേര്</u>

3824. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അമ്പലത്തുകര മടിക്കൈ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനു സ്വാതന്ത്ര്യസമരസേനാനി മടിക്കൈ കുഞ്ഞിക്കണ്ണന്റെ പേര് നൽകണം എന്നാവശ്യപ്പെട്ട് നല്കിയ നിവേദനത്തിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ബി) 16-02-2015ന് നടന്ന മടിക്കൈ ഗ്രാമപഞ്ചായത്ത് യോഗത്തിൽ 18/15-ാം നമ്പരായി അനുകൂല തീരുമാനം കൈക്കൊണ്ട് കാസർഗോഡ് ഡി.ഡി.ഇ. ക്ക് മറുപടി നൽകിയിട്ടും സർക്കാർ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ സ്കൂളുകളുടെ മോഡേണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റുമായി സമഗ്ര പദ്ധതി</u>

3825. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ സ്കൂളുകളുടെ മോഡണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റ് നുമായി സമഗ്ര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) എല്ലാ സർക്കാർ സ്കൂളുകളിലെയും ലാട്രിൻ, നൂൺ-മീൽ ഷെഡ് എന്നിവ നവീകരിച്ചിട്ടുണ്ടെന്ന സർക്കാർ പ്രഖ്യാപനം നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത നടപടി എന്നത്തേയ്ക്ക് ആരംഭിക്കാനാകും?

### സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണം

3826. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളെ അന്തർ ദേശീയ നിലവാരത്തിൽ ആധുനിക വൽക്കരിക്കുന്നതിൽ എത്രകണ്ട് വിജയിച്ചു എന്ന് വിശദമാക്കാമോ ;

(ബി) എത്ര സ്കൂളുകളെ പ്രസ്തുത നിലവാരത്തിലെത്തിച്ചു എന്നറിയിക്കാമോ ; ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ ;

(സി) സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യവികസനം സാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) നിലവിലുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### അൺഫിറ്റായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

3827. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺഫിറ്റായ കെട്ടിടങ്ങളിൽ നടപ്പു അദ്ധ്യയന വർഷവും സ്കൂളുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അൺഫിറ്റായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ അൺഫിറ്റായ കെട്ടിടങ്ങൾ ഉള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

### സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

3828. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) താൽക്കാലിക അദ്ധ്യാപക നിയമന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളുകൾ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഇൻറർവ്യൂ നടത്തുന്നതിന് പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ സർക്കാർ/ എയ്ഡഡ് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ?

### കടുത്തുരുത്തി കടപ്പൂർ ഗവൺമെന്റ് സ്കൂളിന്റെ വഴി

3829. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്പൂർ ഗവൺമെന്റ് സ്കൂളിന്റെ വഴി നാട്ടുകാർക്കു കൂടി ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്ക് 11/7/2013 ൽ സമർപ്പിച്ചിരുന്ന 1585/VIP/M (Edn) നമ്പർ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പെറ്റീഷൻ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിരുന്നതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ; ബന്ധപ്പെട്ട എം.എൽ.എ യ്ക്കോ, റസിഡന്റ്സ് അസോസിയേഷൻകാർക്കോ ഈ ഫയൽ സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പെറ്റീഷന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയൽ ആരംഭിച്ചിട്ടുണ്ടോ ;എങ്കിൽ ഫയൽ നമ്പർ അറിയിക്കാമോ ?

<u>സ്നേഹപൂർവ്വം പദ്ധതി</u>

3830. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിതാവോ മാതാവോ മരണപ്പെട്ടുപോയിട്ടുള്ള വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന മാസം തോറും ധനസഹായം നൽകുന്നതിനുള്ള സ്നേഹപൂർവ്വം പദ്ധതിക്കുള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം സ്കൂൾ അധികൃതരും അർഹരായിട്ടുള്ള കുട്ടികളെ പ്രസ്തുത ധനസഹായപദ്ധതിയെപ്പറ്റി അറിയിക്കാതിരിക്കുകയും ഓൺ ലൈനായി സ്കൂൾ മുഖാന്തരം അപേക്ഷകൾ സമർപ്പിക്കാൻ വിമുഖത കാട്ടുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിൽ എത്ര സർക്കാർ, എയ്ഡഡ് സ്കൂളുകൾ സർക്കാർ/എയഡഡ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും ഓൺലൈനായി എത്ര അപേക്ഷകൾ സ്നേഹപൂർവ്വം പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ:

(സി) അർഹതപ്പെട്ടവർ ഏറെ ഉണ്ടെങ്കിലും അപേക്ഷകർ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ;

(ഡി) സ്നേഹപൂർവ്വം പദ്ധതിയിലൂടെ ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കും;

(ഇ) സ്നേഹപൂർവ്വം പദ്ധതിയെപ്പറ്റിയും അപേക്ഷിക്കേണ്ട രീതിയും സംബന്ധിച്ച എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ടോ;

(എഫ്) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അർഹരായ വിദ്യാർത്ഥികളെയെല്ലാം സ്നേഹപൂർവ്വം

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം നൽകാമോ?

## തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി.- ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ്

3831. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി.- ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ് ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ആർക്കെങ്കിലും നിയമനാംഗീകാരം നൽകിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് സീനിയോറിറ്റി മറികടന്നാണോ ചെയ്തിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ;

(സി) പുതിയ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം

3832. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമനം ലഭിച്ചവർ വർഷങ്ങളായി സർവ്വീസിൽ തുടരുന്നതായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി വഴി ഉദ്യോഗം ലഭിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ആർ.ഡി.ഡി പദവി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

## കൊട്ടാരക്കരയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുള്ള തസ്തികകൾ

3833. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വിവിധ സർക്കാർ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർപ്രൈമറി സ്കൂൾ, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

## പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ

3834. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടിച്ച് പൂർണ്ണമായും വിതരണം പൂർത്തിയാക്കി ഓണപ്പരീക്ഷ എന്നുമുതൽ നടത്താനാകുമെന്ന് അറിയിക്കാമോ ?

## വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ

3835. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടുന്ന മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2015 ലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ എത്ര; ജില്ലാടിസ്ഥാനത്തിൽ എയ്ഡഡ്/സർക്കാർ മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് എയ്ഡഡ്/സർക്കാർ മേഖലയിൽ സ്കൂൾ വിദ്യാഭ്യാസം തേടിയെത്തുന്നവരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(ഡി)

## പാഠപുസ്തകങ്ങളുടെ വിതരണം

3836. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സ്കൂൾ 2015 ജൂലായ് വരെ എത്ര കുട്ടികൾ പത്താം ക്ലാസുവരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയിരുന്നുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ ഓരോ ക്ലാസിലും 2015 ജൂലായ് 7 വരെ എത്ര കുട്ടികൾക്ക് മൊത്തം വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ വിതരണം നടത്തി ; ഇനി എത്ര കുട്ടികൾക്ക് വിതരണം ചെയ്യുവാനുണ്ട് : ഇത് എന്നത്തേക്ക് പൂർത്തിയാക്കും ; പുസ്തകം നല്കാൻ കഴിയാത്തിന്റെ കാരണം സഹിതം വ്യക്തമാക്കുമോ ;

(സി) പത്താം ക്ലാസ്സുവരെ ഏതെല്ലാം ക്ലാസ്സുകളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി പുസ്തകം നല്കും എന്നും ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ എണ്ണം എത്രയെന്നും ഇവരിൽ ഉൾപ്പെടാത്ത സ്റ്റേറ്റ് സിലബസിൽപ്പെടുന്ന കുട്ടികൾക്ക് എത്ര തുക നിരക്കിലാണ് പുസ്തകം വിതരണം ചെയ്യുന്നത് എന്നും വ്യക്തമാക്കുമോ ;

(ഡി) പ്ലസ് വണ്ണിൽ പുസ്തകം പരിഷ്കരിച്ചവയുടെ വിതരണം ഏതു ഘട്ടത്തിലാണ് ; പ്രസ്തുത പുസ്തകം

സൗജന്യമായി ഏതെല്ലാംവിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകുന്നു ; സൗജന്യ നിരക്കിൽ പുസ്തകം ലഭിക്കാത്ത കുട്ടികൾ ഏതെല്ലാംവിഭാഗങ്ങളിൽപ്പെട്ടുന്നരാണെന്നറിയിക്കുമോ; ; പുസ്തകങ്ങളുടെ പ്രഖ്യാപിക്കപ്പെട്ട വില ഓരോന്നിനും എത്ര എന്നും വ്യക്തമാക്കുമോ ?

ക്ലാസ്സ്റൂമുകളിൽ നവീന സാങ്കേതിക വിദ്യകൾ

3837. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ്സ്റൂമുകളിൽ നവീന സാങ്കേതിക വിദ്യകളെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ബ്ലാക്ക് ബോർഡുകളും പാഠപുസ്തകങ്ങളും ഒഴിവാക്കി പൂർണ്ണമായും കംപ്യൂട്ടർവത്ക്കരിച്ച ക്ലാസ്സ് മുറികൾ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഇത് നടപ്പിലാക്കുക ; ഇതിന്റെ ചെലവ് എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഓർഫനേജുകൾക്കും പള്ളി ദർസുകൾക്കും ഖുർആൻ കോളേജുകൾക്കുമെതിരെയുള്ള നടപടികൾ

T 3838. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജുകൾക്കും പള്ളി ദർസുകൾക്കും ഖുർആൻ കോളേജുകൾക്കുമെതിരെ സർക്കാർ സംവിധാനങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പെരുമാറി വരുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണാർക്കാട് ദാവുൽ ഫുർഖാൻ കോളേജ് അടച്ചുപൂട്ടിയിട്ടുണ്ടോയെന്നു വിശദമാക്കാമോ;

(സി) ദർസുകൾക്കോ ഖുർആൻ മന:പാഠ സ്ഥാപനങ്ങൾക്കോ അനുമതി നൽകുന്നതിന് അധികാരസ്ഥാപനം നിശ്ചയിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ ഖുർആൻ മന:പാഠ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രയാസങ്ങൾ സൃഷ്ടിക്കുന്ന വിദ്യാഭ്യാസവകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

ഐ.എച്ച്.ആർ.ഡി യുടെ ടെക്നിക്കൽ സ്കൂളിലെ അധ്യാപകർ

3839. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി യുടെ ടെക്നിക്കൽ സ്കൂളിലും, അപ്ലൈയ്ഡ് സയൻസ് കോളേജുകളിലും എത്ര സ്ഥിരം അധ്യാപകരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര വർഷമായി തുടരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇവർക്ക് സമയബന്ധിതമായ സ്ഥലംമാറ്റം നടത്താറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മലബാർ മേഖലയിലെ ഈ സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അസി.പ്രൊഫസർ നിയമനം</u>

3840. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അസി.പ്രൊഫസർ നിയമനത്തിന് യു.ജി.സി റെഗുലേഷന് വിരുദ്ധമായി സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയ സാഹചര്യം എന്തായിരുന്നു ; സ്ക്രീനിംഗ് ടെസ്റ്റ് പാസായ എത്ര ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിൽ പങ്കെടുത്തു ; ഇന്റർവ്യൂ ബോർഡ് തയ്യാറാക്കിയ സെലക്ഷൻ ലിസ്റ്റ് സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് ലിസ്റ്റിൽ നെറ്റ് പാസാകാത്ത എത്രപേർ ഉൾപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>സയൻസ് സിറ്റി സ്ഥാപനം</u>

3841. **ശ്രീ.കെ.എസ്.ശബരീനാഥൻ**

**,,** എം.എ. വാഹീദ്

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കൊരട്ടി പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ, സിവിൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് നടപടി</u>

3842. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ, സിവിൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പുതുതായി നിർമ്മിച്ച്, ഉദ്ഘാടനം നിർവ്വഹിച്ച കൊരട്ടി പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

## ഇന്റർപോളി കലോൽസവം

3843. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ തൃപ്രയാറിൽ ഈ വർഷം നടന്ന ഇന്റർപോളി കലോൽസവത്തിൽ ആറ്റിങ്ങൽ പോളിടെക്നിക് കോളേജിൽ നിന്നും എത്ര വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നുവെന്നും വിദ്യാർത്ഥികളുടെ മേൽനോട്ടത്തിനായി എത്ര അദ്ധ്യാപകരെ നിയോഗിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ ; വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പേരുവിവരം ലഭ്യമാക്കാമോ ;

(ബി) ഇവരുടെ ചെലവിനായി എന്തു തുക അനുവദിച്ചിരുന്നുവെന്നും താമസസൗകര്യവും ഭക്ഷണവും എവിടെയാണ് ഏർപ്പെടുത്തിയിരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഈ ടീമിൽ ഉൾപ്പെട്ട ഒരു വിദ്യാർത്ഥി ക്ഷേത്രക്കുളത്തിൽ മുങ്ങി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് ഏതൊക്കെ തരത്തിലുള്ള സാമ്പത്തികസഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## വിദൂര വിദ്യാഭ്യാസ രീതിയിൽ എൽ എൽ എം കോഴ്സ്

3844. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ ( ഡിസ്റ്റൻസ് എജ്യുക്കേഷൻ) എൽഎൽ.എം. കോഴ്സ് നടത്തുന്നതെന്നും അവയിൽ ഏതൊക്കെ സർവ്വകലാശാലകൾ നടത്തുന്ന എൽഎൽ.എം. കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

## എം. ബി. ബി.എസ്. -റാങ്ക് വിവരം

3845. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി 2014 ജൂൺ മാസത്തിൽ നടത്തിയ എം. ബി. ബി. എസ് അവസാനവർഷ പരീക്ഷയുടെ റാങ്ക് വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ ആർക്കെല്ലാമാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എം. ബി. ബി. എസ്. പരീക്ഷയുടെ റാങ്ക് നിർണ്ണയിക്കുന്നതിന് ഹൗസ് സർജൻസിയും മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) 2014 ജൂൺ മാസത്തിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ എം. ബി. ബി. എസ്. അവസാനവർഷ പരീക്ഷയുടെ ഒന്നാം റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## പോലീസ് ഐ.ജി. കോപ്പിയടിച്ച സംഭവം

3846. ശ്രീ.പി.കെ.ഗുരുദാസൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, എസ്.രാജേന്ദ്രൻ

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല എൽ.എൽ.എം. പരീക്ഷയിൽ കോപ്പിയടി നടത്തിയതിന് ഒരു പോലീസ് ഐ.ജി. യെ ഇൻവിജിലേറ്റർ പിടികൂടുകയുണ്ടായിട്ടുണ്ടോ; ഇദ്ദേഹം ഈ സർവ്വകലാശാലയിൽ വിജിലൻസ് വിഭാഗത്തിൽ മുമ്പ് സേവനം അനുഷ്ഠിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) കോപ്പിയടി പിടിക്കപ്പെട്ടാൽ സർവ്വകലാശാല തലത്തിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കാറുള്ളത്; ഇക്കാര്യത്തിൽ അവ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പോലീസ് വകുപ്പിന് വിവരം നൽകിയിരുന്നോ;

(ഡി) സർവ്വകലാശാലാ സിൻഡിക്കേറ്റ് ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നുണ്ടോ; സാധാരണയായി ഇത്തരം അന്വേഷണങ്ങൾ നടത്താറുള്ളതാണോ; ഇതു സംബന്ധിച്ചുള്ള കണ്ടെത്തലുകൾ എന്തായിരുന്നു; ശിക്ഷാനടപടികൾ എന്താണ്?

## അറബിക് സർവ്വകലാശാല

3847. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക് സർവ്വകലാശാലയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാണ് ഉദ്ദേശിക്കുന്നത്;

(സി) ഭാഷാപരമായും സാംസ്കാരികമായും ഏറെ പ്രയോജനം ഉണ്ടാകാവുന്ന പ്രസ്തുത സർവ്വകലാശാല പ്രഖ്യാപനമായി നാളേറെയായിട്ടും നടപ്പിൽ വരുത്തുന്നതിൽ പുരോഗതി ഉണ്ടാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാം; ഇത് നടപ്പിലാക്കുന്നതിന് ഏറെ തടസ്സം എവിടെ നിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തര പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കുമോ?

## സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ അങ്കമാലി റീജ്യണൽ സെന്റർ അടച്ചുപൂട്ടൽ

3848. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെയും സമീപ ജില്ലകളിലെയും സാധാരണക്കാരായ വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ അങ്കമാലി റീജ്യണൽ സെന്റർ അടച്ചുപൂട്ടുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് ഇറക്കിയിട്ടുള്ള ഇത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് നടപടി</u>

3849. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതു സംബന്ധിച്ച് നയം വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ ,പ്രോ-വൈസ് ചാൻസലർ എന്നിവർക്കെതിരായ വിജിലൻസ് കേസ്</u>

3850. ശ്രീ.എ.കെ.ബാലൻ
,, കെ.കുഞ്ഞിരാമൻ (ഉദുമ)
ഡോ.കെ.ടി.ജലീൽ
ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ ,പ്രോ-വൈസ് ചാൻസലർ എന്നിവർക്കെതിരെ വിജിലൻസ് കേസ് എടുക്കുന്നതിന് തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്നും അന്വേഷണ ഉദ്യോഗസ്ഥർ ആരാണെന്നും അറിയുമോ; വിശദമാക്കുമോ;

(സി) വിജിലൻസ് അന്വേഷണത്തിന് ആധാരമായി കോടതിയുടെ നിരീക്ഷണം എന്തായിരുന്നു;

<u>കോഴിക്കോട് സർവ്വകലാശാലയിലെ ഡിഗ്രി സർട്ടിഫിക്കറ്റിൽ ക്രമക്കേട്</u>

3851. ശ്രീ.വി.ചെന്താമരാക്ഷൻ
,, പി.ടി.എ. റഹീം
,, ജെയിംസ് മാത്യു
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല നൽകിയ ഡിഗ്രി സർട്ടിഫിക്കറ്റിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ബി. എസ്. സി. നഴ്സിംഗ് പാസ്സായ കുട്ടികൾക്ക് എം. ബി. ബി. എസ്. സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ക്രമക്കേട് നടന്ന എത്ര സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) വ്യാജ സർട്ടിഫിക്കറ്റുകൾ നല്കാനിടയായ സാഹചര്യം വിശദമാക്കാമോ ; സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിന് മുമ്പ് സൂക്ഷ്മപരിശോധന നടത്താറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്റെ നടപടി ക്രമം എന്തായിരുന്നു ; ഇതിൽ മാറ്റം വരുത്തുകയുണ്ടായോ ; മാറ്റിയതനുസരിച്ച് ഇപ്പോൾ സർട്ടിഫിക്കറ്റ് നൽകുന്ന രീതി വിശദമാക്കാമോ ;

(എഫ്) സർട്ടിഫിക്കറ്റ് നല്കുന്ന നടപടിക്രമത്തിൽ മാറ്റം വരുത്തിയതാരാണെന്ന് വ്യക്തമാക്കുമോ ; ഇതിനു കാരണമെന്തായിരുന്നു ;

(ജി) സർവ്വകലാശാലയുടെ വിശ്വാസ്യതയെ തന്നെ ബാധിക്കുന്ന പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് തയ്യാറാകുമോ ?

<u>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓഫ് കാമ്പസ് സെന്ററുകൾ</u>

3852. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഓഫ് കാമ്പസ് സെന്ററുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ, പ്രസ്തുത സെന്ററുകളിൽ പഠനം നടത്തിവന്നിരുന്ന വിദ്യാർത്ഥികളുടെ തുടർപഠനത്തിനായി എന്തൊക്കെ നടപടികളാണ് സർക്കാർ /എം.ജി.യൂണിവേഴ്സിറ്റി സ്വീകരിച്ചത് ; വിശദമാക്കുമോ ?

<u>സർവ്വകലാശാലകൾക്ക് യു.ജി.സി വകയിരുത്തിയ തുക</u>

3853. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം പദ്ധതിയിൽ ആദ്യ രണ്ട് വർഷങ്ങളിലായി (2012-13, 2013-14) കേരളത്തിലെ ഏതൊക്കെ സർവ്വകലാശാലകളിൽ എത്ര തുക വീതം യു.ജി.സി വകയിരുത്തിയിരുന്നു; വ്യക്തമാക്കുമോ ;

(ബി) അതിൽ ഓരോ സർവ്വകലാശാലയും പ്രസ്തുത വർഷങ്ങളിൽ എത്ര തുക വീതം വിനിയോഗിച്ചു; എത്ര തുക വീതം ലാപ്സാക്കി; വിശദാംശം വ്യക്തമാക്കുമോ ;

(സി) ആയതിൽ ഏതൊക്കെ സർവ്വകലാശാലകൾ യു.ജി.സി യ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി; പ്രസ്തുത വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാകാത്ത സർവ്വകലാശാലകൾ ഏതെല്ലാം എന്നും അതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം കേരളത്തിലെ സർവ്വകലാശാലകൾക്കായി യു.ജി.സി എത്ര തുക അനുവദിച്ചു ; തരം തിരിച്ച് വ്യക്തമാക്കുമോ ?

<u>പബ്ലിക് ലൈബ്രറികൾക്കുള്ള സർക്കാർ ഗ്രാന്റ്</u>

T 3854. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര ലൈബ്രറികളുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ലൈബ്രറി ഗ്രാന്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ലൈബ്രറികൾക്ക് ഗ്രേഡ് അടിസ്ഥാനത്തിൽ ഗ്രാന്റായി അനുവദിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ?

<u>കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ</u>

3855. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായത് എന്ന് വിശദമാക്കുമോ;

(ബി) നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; ഈ തുക എന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>റീ-സർവ്വേ</u>

3856. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
**,,** സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1965-ൽ റീ-സർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര വർഷം കൊണ്ടാണ് റീ-സർവ്വേ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത് ;

(ബി) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജിന്റെയും റീ-സർവ്വേയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത് ;

(സി) പ്രസ്തുത സർവ്വേയ്ക്ക് എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിച്ചത് ;

(ഡി) ഇതിനു വേണ്ടി എത്ര ജീവനക്കാരെ നിയോഗിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ഇ) എത്ര പ്രദേശത്തിന്റേയും എത്ര വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

നദീ ഗവേഷണം

3857. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സീറോ ലാൻഡ് ലെസ്സ് സ്കീം

3858. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് ലെസ്സ് സ്കീം എന്നാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സീറോ ലാൻഡ് ലെസ്സ് സ്കീം ഒന്നാം ഘട്ടപ്രകാരം എത്ര പേർക്ക് ഭൂമി അനുവദിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നല്കാമോ ;

(സി) സീറോ ലാൻഡ് ലെസ്സ് സ്കീം പ്രകാരം ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുകയുണ്ടായി ; വില്ലേജടിസ്ഥാനത്തിൽ വിശദാംശം നല്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കൊയിലാണ്ടി മണ്ഡലത്തിലെ അപേക്ഷകർ

3859. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം 2014-2015 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി കോഴിക്കോട് ജില്ലാ സമിതിക്ക് മുൻപാകെ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകരിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ എത്ര ; പ്രസ്തുത അപേക്ഷകരെക്കുറിച്ച് വിശദമായി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി ; അവയിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷ തീർപ്പാക്കിയെന്ന് അപേക്ഷകരുടെ പേരുവിവരം സഹിതം

വ്യക്തമാക്കാമോ ;

(സി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷ എത്ര ; അതിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്നത് എത്ര ; അപേക്ഷകരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ?

<u>വടകര താലൂക്കിലെ വില്ലേജുകളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

3860. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ എത്രയെന്ന് തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ</u>

3861. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഫാസ്റ്റ് ട്രാക്കിൽ ഭൂമി ഏറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റ് സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി</u>

3862. **ശ്രീ.ബെന്നി ബെഹനാൻ**

**,,** ഹൈബി ഈഡൻ

**,,** എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഫ്ളഡ് റിലീഫ് -ലെ റോഡ് നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ</u>

3863. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ളഡ് റിലീഫ് -ൽ റോഡ് നിർമ്മാണത്തിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് കേരളത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ആയത് പുതുക്കി തുക വർദ്ധിപ്പിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(സി) പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## പട്ടയ വിതരണത്തിന് പദ്ധതി

3864. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിന് പദ്ധതി രൂപികരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## വെളിയം ഐ.എച്ച്.ഡി .പി. കോളനിക്കാർക്ക്പട്ടയവും കൈവശരേഖയും

3865. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ മാലയിൽ ഐ.എച്ച്.ഡി .പി. കോളനിയിൽ ആകെ എത്ര ഏക്കർ ഭൂമിയാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത കോളനിയിൽ ആകെ എത്ര കുടുംബങ്ങളാണ് ഇപ്പോൾ വീട്ട വച്ച് താമസമാക്കിയിട്ടുള്ളത് ;

(സി) ഇവരിൽ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ, പട്ടയം എന്നിവ നൽകിയിട്ടുണ്ട് ; ശേഷിക്കുന്ന കുടുംബങ്ങൾ എത്രയാണ് ;

(ഡി) കൊല്ലം ജില്ലാ കളക്ടറുടെ 5/87 ലെ L11-17356 /86 - ാം നമ്പർ ഉത്തരവ് പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇവിടെ പട്ടയം നൽകിയിരുന്നുവെന്നും ഇതിൽ എത്ര കുടുംബങ്ങൾ പട്ടയം കൈപ്പറ്റി അവിടെ താമസം ആരംഭിച്ചുവെന്നും അറിയിക്കുമോ ;

(ഇ) കേരള സർക്കാർ റവന്യൂ ജി.ഒ (എം.എസ്) നമ്പർ 156 /00 dt.1/6/2000 പ്രകാരം ഇവിടെ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(എഫ്) ഇപ്പോൾ പ്രസ്തുത കോളനിയിൽ പട്ടയവും കൈവശരേഖയും ഇല്ലാത്ത എത്രകുടുംബങ്ങൾ സ്ഥിര താമസക്കാരായിട്ടുണ്ട് ; ഇവരിൽ 2000-ന് ശേഷം താമസമാക്കിയിട്ടുള്ളവരും പട്ടയം ഇല്ലാത്തതുമായ കുടുംബങ്ങൾ ഉണ്ടോ ; എങ്കിൽ എത്ര കുടുംബങ്ങൾ എന്ന് അറിയിക്കുമോ ;

(ജി) പട്ടയം ഇല്ലാത്തതും 2000-ന് ശേഷം സ്ഥിര താമസമാക്കിയതുമായ കുടുംബങ്ങൾക്ക് പട്ടയം/കൈവശരേഖ നൽകുവാൻ വകുപ്പ് നടപടി ആരംഭിച്ചിരുന്നുവോ ; എങ്കിൽ ആയതിന്റെ നടപടികളും പുരോഗതിയും അറിയിക്കുമോ ; പ്രസ്തുത കോളനിയിലുള്ളവർക്ക് എത്രയും വേഗം പട്ടയം/കൈവശരേഖ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

<u>നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ</u>

3866. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പകൽ ജോലിക്കുശേഷം രാത്രികാല ജോലി കൂടി ചെയ്യുന്നതിന് നിഷ്കർഷിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന വിശ്രമം ഏതൊക്കെ സമയത്താണ് ;

(സി) ഡേ ഡ്യൂട്ടിയോട് ചേർന്ന് നൈറ്റ് ഡ്യൂട്ടി ചെയ്യുവാൻ ജീവനക്കാരെ നിർബന്ധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മറ്റേതെങ്കിലും വകുപ്പുകളിൽ ഇതുപോലെ ജോലി ചെയ്യേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കുമോ ?

<u>റിവർ മാനേജ് മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

3867. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാക്കാത്തവ ഏതൊക്കയാണ്;

(സി) ഭരണാനുമതി ലഭിക്കുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും പുതിയതായി എന്തെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ ഭൂമിയുടെ ഇനം മാറ്റൽ</u>

3868. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന റവന്യൂ അദാലത്തുകൾ വഴി പോലും പരിഹരിയ്ക്കപ്പെടാനാവാത്ത റവന്യൂ സംബന്ധമായ നിരവധി പരാതികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികൾ ഏത് രീതിയിൽ പരിഹരിയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) പതിറ്റാണ്ടുകളായി പുരയിടമായിക്കിടക്കുന്നതും എന്നാൽ റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ

(ബി.റ്റി.ആർ) നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ധാരാളം വസ്തുവകകൾ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് മൂലം പ്രസ്തുത വസ്തുവകകളിൽ നിർമ്മാണ പ്രവർത്തനത്തിനും മറ്റും അനുമതി ലഭിയ്ക്കാത്ത സാഹചര്യം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനായി, ഇത്തരം ഭൂമിയുടെ ഇനം സംബന്ധിച്ച് ആവശ്യമായ പരിശോധന സമയബന്ധിതമായി നടത്തി ബി.ടി.ആർ-ൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

## റവന്യൂ വകുപ്പിലെ പ്രമോഷനുകൾ

3869. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ റവന്യൂ വകുപ്പിൽ നിന്ന് വിരമിച്ചവർ എത്രയെന്നും ഏതെല്ലാം തസ്തികകളിൽ നിന്ന് എത്രപേർ വീതം ഓരോ മാസവും വിരമിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് പൂർണ്ണമായും പ്രമോഷനുകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രമോഷൻ നടത്തി ഒഴിവുകൾ നികത്താത്ത എത്ര തസ്തികകൾ ഉണ്ടെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ ;

(സി) നിരവധി അടിയന്തിര സ്വഭാവമുള്ള ജോലികൾ നിർവ്വഹിക്കേണ്ട റവന്യൂ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

## വൈക്കം താലൂക്കിലെ ഭൂരഹിതർക്ക് ഭൂമി വിതരണം

3870. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ ഏതൊക്കെ വില്ലേജുകളിൽപ്പെട്ട ഏതൊക്കെ ഭൂമിയാണ് (സ്ഥലനാമം ഉൾപ്പെടെ) ഭൂരഹിതർക്ക് വിതരണം നടത്തിയിട്ടുള്ളതെന്നും ഓരോ ഭൂമിയിലും എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഇവരുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ബി) വിതരണം ചെയ്യപ്പെട്ട ഭൂമി ഏതു വകുപ്പിന്റെ കൈവശമുണ്ടായിരുന്നതാണ് എന്നറിയിക്കുമോ;

(സി) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഇനിയും ഭൂമി കണ്ടെത്തുകയോ തിരഞ്ഞെടുക്കുകയോ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഭൂരഹിതർക്ക് ഭൂമി നൽകുമ്പോൾ അവർ താമസിച്ചുകൊണ്ടിരുന്നതിന് സമീപത്തുതന്നെ ഭൂമി നൽകാൻ നിർദേശം നല്കുമോ?

## റവന്യൂ വകുപ്പിൽ നിന്നും വിരമിച്ചവരുടെയും പുതതായി നിയമിക്കപ്പെട്ടവരുടെയും കണക്ക്

3871. **ശ്രീ.പി.തിലോത്തമന് :** താഴെ കാണുന്ന ചോദ്യങ്ങള്ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഈ സര്ക്കാര് അധികാരത്തില് വന്നതിനുശേഷം റവന്യൂ വകുപ്പില് ഓരോ തസ്തികകളില് നിന്നും വിരമിച്ചവര് എത്രയെന്നും പ്രസ്തുത ഒഴിവുകളെല്ലാം പൂര്ണ്ണമായും നികത്തപ്പെട്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) 2015 മെയ് മാസം റവന്യൂ വകുപ്പില് നിന്നും എത്ര പേര് ഏതെല്ലാം തസ്തികകളില് നിന്ന് വിരമിച്ചുവെന്നും പ്രസ്തുത ഒഴിവുകളെല്ലാം നികത്തപ്പെട്ടിട്ടുണ്ടോ എന്നും പറയാമോ ;

(സി) റവന്യൂ വകുപ്പില് ജൂനിയര് സൂപ്രണ്ട്/ഡെപ്യൂട്ടി തഹസില്ദാര് തസ്തികയില് നിലവിലുള്ള ഒഴിവുകളില് 2015 ജനുവരിമുതല് ഉണ്ടായത് എത്രയാണെന്നും അതില് എത്രവീതം ഓരോ മാസവും പ്രമോഷനിലൂടെ നികത്തപ്പെട്ടുവെന്നും ഇനിയും എത്ര തസ്തികകള് ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ ഏതെല്ലാം ജില്ലകളില് എത്രവീതമാണുള്ളതെന്നും വ്യക്തമാക്കുമോ?

<u>റിവര് മാനേജ്മെന്റ് ഫണ്ട്</u>

3872. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങള്ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മലപ്പുറം ജില്ലയില് റിവര് മാനേജ്മെന്റ് ഫണ്ടില് എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വര്ഷമായി ഈ തുകയില് നിന്നും ഏതെല്ലാം പ്രവൃത്തികള്ക്ക് പണം അനുവദിച്ചിട്ടുണ്ട് എന്ന് മണ്ഡലം അടിസ്ഥാനത്തില് വിശദാംശങ്ങള് ലഭ്യമാക്കുമോ ?

<u>റിവര് മാനേജ്മെന്റ് ഫണ്ട്</u>

3873. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങള്ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോട്ടയം ജില്ലയില് റിവര് മാനേജ്മെന്റ് ഫണ്ട് ഇനത്തില് എത്ര തുക അവശേഷിക്കുന്നു എന്നും ഈ ഫണ്ടിന്റെ ഉറവിടം എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്നു വര്ഷത്തിനുള്ളില് റിവര് മാനേജ് മെന്റില് നിന്നും എത്ര തുക വീതം ഓരോ വര്ഷവും കോട്ടയം ജില്ലയില് ചെലവഴിച്ചുവെന്നും ഇതില് എത്ര തുകയാണ് വൈക്കം പരിധിയില് ചെലവഴിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികള്ക്കെന്നും വര്ഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്നു വര്ഷത്തിനുള്ളില് റിവര് മാനേജ്മെന്റ് ഫണ്ടിലേക്ക് വൈക്കം താലൂക്കില് നിന്നും എത്ര തുക വീതം ലഭിച്ചിട്ടുണ്ട് എന്ന് വര്ഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) റിവര് മാനേജ് മെന്റ് ഫണ്ടില് നിന്നും തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങള് വെളിപ്പെടുത്തുമോ ?

<u>റിവര് മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നിര്മ്മാണം</u>

3874. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായി പത്തനംതിട്ട ജില്ലാ സമിതി അംഗീകരിച്ച് സംസ്ഥാന സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച മണിമല, അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ഇത്തവണത്തേതുൾപ്പെടെ കഴിഞ്ഞ 4 വർഷത്തെ പ്രവൃത്തികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് സംസ്ഥാന സമിതി അംഗീകാരം നൽകി; അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ പേരും തുകയും നദിയും സഹിതം വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സമിതി മാറ്റിവച്ച പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സമിതി അംഗീകാരം നൽകിയ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി; അംഗീകാരം ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ;

(എഫ്) വടശ്ശേരിക്കരയിലെ പേണാട്ടുകടവിൽ ക്രോസ് വേ നിർമ്മിക്കുന്നതിനായി നേരത്തെ ആർ . എം .എഫ്. ൽ അനുമതി നൽകിയിരുന്ന 1 കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്തു ചെയ്തു; ഇതിനുപകരമായി ഏതെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ</u>

3875. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഏതെല്ലാം ജില്ലാ കളക്ടർമാരാണ് ഭൂമി ഉപയുക്തമാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ ഉപയുക്തമാക്കി എന്ന് വ്യക്തമാക്കുമോ ?

<u>മഴക്കാല അപകട സാധ്യതകൾ കുറയ്ക്കുന്നതിന് മുൻകരുതലുകൾ</u>

3876. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മഴക്കാല അപകട സാധ്യതകൾ കുറയ്ക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജില്ലയിൽ ദുരന്തനിവാരണ വകുപ്പിൻെറ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരും ഉപകരണങ്ങളും ലഭ്യമാണോ;

(ഡി) രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീമതി അന്ന ഡാനിയേലിന്റെ അപേക്ഷയിന്മേൽ ഉള്ള നടപടി സംബന്ധിച്ച്

3877. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സ്വദേശിനി ശ്രീമതി അന്ന ഡാനിയേൽ വകുപ്പ് മന്ത്രിക്കു നൽകിയിരുന്ന അപേക്ഷയിന്മേൽ ( ഫയൽ നമ്പർ 76177/L3/2012 -ൽ) എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ ക്യാബിനറ്റിൽ വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ എന്നാണ് നിർദ്ദേശം നല്കിയിരുന്നതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ഫയൽ നാളിതുവരെ ക്യാബിനറ്റിൽ വയ്ക്കാതിരിക്കുന്നതിന് കാരണം അറിയിക്കാമോ ?

സംയുക്ത പരിശോധന പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടി

3878. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ ഏതെല്ലാം വില്ലേജുകളിലാണ് ഇനിയും സർവ്വെ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംയുക്ത പരിശോധനയും സർവ്വെ നടപടികളും പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ആദിവാസി ഭൂമിയിലെ അനധികൃത ക്വാറി

3879. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറിയ ആദിവാസി ഭൂമിയിലുള്ള ഊരുകളിൽ ബിനാമി പേരിൽ കരിങ്കൽ ക്വാറി നടത്തുന്നുണ്ടെന്ന എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

പരവൂർ വില്ലേജ് ഓഫീസിൽ പി.റ്റി.എസ്.തസ്തിക സൃഷ്ടിക്കൽ

3880. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ വില്ലേജ് ഓഫീസിൽ നിലവിൽ സ്വീപ്പറായി ജോലിനോക്കുന്ന ശ്രീമതി സീത എന്നു മുതലാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇവരുടെ ഇപ്പോഴത്തെ

തസ്തിക ഏതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരിയെ പി.റ്റി.എസ്.തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിലേക്ക് ഗവൺമെന്റ് സ്വീകരിച്ച മേൽനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ദീർഘനാളുകളായി ജോലി ചെയ്യുന്ന ജീവനക്കാരി എന്ന പരിഗണന നൽകി ഇവരെ പി.റ്റി.എസ്സായി നിയമിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ അവ ഒഴിവാക്കി അനുകൂല നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

## ആറന്മുള വിമാനത്താവളത്തിനായി മണ്ണിട്ട് നികത്തിയ ഭൂമി

3881. ശ്രീ.പി.കെ.ഗുരുദാസൻ

,, രാജു എബ്രഹാം

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. കമ്പനി അനധികൃതമായിട്ട് നികത്തിയ തോടുകളും നീർച്ചാലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത് എന്നായിരുന്നു; ഉത്തരവ് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഹൈക്കോടതി ഉത്തരവ് വന്നശേഷവും കോടതി നിർദ്ദേശം മറികടന്ന് മണ്ണിട്ട് നികത്തിയത് ഉൾപ്പെടെയുള്ള പ്രദേശം വ്യവസായ മേഖലയായി റീനോട്ടിഫൈ ചെയ്യുന്നതിന് തീരുമാനമെടുക്കുകയുണ്ടായോ;

(ഡി) ഇതു സംബന്ധിച്ച് ജൂലൈ 10 ലെ യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; ആരെല്ലാമാണ് ഈ യോഗത്തിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ;

(ഇ) ഇതു സംബന്ധിച്ച കേസിൽ ഹൈക്കോടതി പത്തനംതിട്ട ജില്ലാ കളക്ടറുടെ മേൽ കോടതിഅലക്ഷ്യം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കെ.ജി.എസ്. ഗ്രൂപ്പ് അനധികൃതമായി മണ്ണിട്ട് നികത്തിയ ഭൂമിയിൽ പുറമ്പോക്കും മിച്ചഭൂമിയും ഉൾപ്പെട്ടിട്ടുണ്ടോ; ഇത് എത്ര അളവ് വരുമെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ ഭൂമിയിലെ ഖനനം

3882. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്ന ധാതുക്കൾക്ക് ഉടമയിൽ നിന്നും അവകാശ ധനം പിരിക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേ നിലനിൽക്കുമ്പോൾ സ്വകാര്യ ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിന് പ്രത്യേക

അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്റ്റേ കാരണം സർക്കാരിന് അവകാശ ധനമായി ലഭിക്കേണ്ട എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) സ്റ്റേ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാനും പുതിയ നിയമ നിർമ്മാണത്തിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇലക്ഷൻ സംബന്ധിച്ച താലൂക്ക് ആഫീസിലെ പ്രവർത്തനങ്ങൾ

3883. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ നിന്നും ഇലക്ഷൻ സംബന്ധിച്ച ഓഫീസ് പ്രവർത്തനങ്ങൾ വെള്ളരിക്കുണ്ട് താലൂക്കിലേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചടയമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

3884. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയം ലഭി ക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ നിലവിലുണ്ട് ; പ്രസ്തുത അപേക്ഷകൾ ഉടനെ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം.

3885. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനു തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എന്ന് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം

3886. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാവിലുംപാറ വില്ലേജിലെ ഏതെല്ലാം ഉടമകളുടെ ഭൂമിയിൽ നിന്നാണ് ഭൂനികുതി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഭൂനികുതി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂവുടമകൾ ഓരോരുത്തരും എത്ര ഭൂമി വീതം കൈവശം വയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ചാലിയാർ പുഴയിലെ മണൽ വാരൽ</u>

3887. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ നിന്നും മലപ്പുറം ജില്ലയുടെ ഭാഗത്തു മണൽ വാരാൻ അനുമതി നൽകുകയും കോഴിക്കോട് ജില്ലയുടെ ഭാഗത്ത് അനുമതി നൽകാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം തൊഴിലാളികൾ ശേഖരിക്കുന്ന മണൽ മലപ്പുറം ഭാഗത്തേക്ക് മാത്രമേകൊണ്ട് പോകുവാൻ സാധിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>നദികളിൽ നിന്നുള്ള മണലെടുപ്പ്</u>

3888. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽ നിന്നുള്ള മണലെടുപ്പ് തടഞ്ഞിട്ടുള്ളതായി അറിയുമോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) പാലക്കാട്, മലപ്പുറം ജില്ലകളിൽ ഭാരതപ്പുഴ ഉൾപ്പടെയുള്ള നദികളിൽ നിന്നും ഒരു നിയന്ത്രണവുമില്ലാതെ മണലെടുപ്പ് നടക്കുന്നതായി അറിയാമോ ;

(ഡി) എങ്കിൽ അതിനുള്ള സാഹചര്യങ്ങളെന്താണെന്ന് അറിയിക്കുമോ ;

(ഇ) തൃശ്ശൂർ ജില്ലയിൽ നദികളിൽ നിന്നും മണലെടുക്കാൻ കഴിയാതെ വന്നതുകാരണം നിർമ്മാണ തൊഴിലാളികൾ പണിയില്ലാതെ ബുദ്ധിമുട്ടുന്നതായി അറിയുമോ ;

(എഫ്) നിർമ്മാണ മേഖലയിൽ വലിയ വിലയ്ക്ക് വ്യാജമണൽ വിറ്റുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) തൃശ്ശൂർ ജില്ലയിലെ മണലെടുപ്പ് തടസ്സപ്പെട്ടിരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതികൾ പരിഹരിക്കുവാനും മണലെടുപ്പ് പുനസ്ഥാപിക്കുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതർക്ക് ഭൂമി</u>

T 3889. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഈ ആവശ്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അപേക്ഷകരിൽ, കാസർഗോഡ് പോലുള്ള മറ്റ ജില്ലകളിൽ ഭൂമി ലഭിക്കുന്നപക്ഷം സ്വീകരിക്കുവാൻ തയ്യാറാണെന്ന സമ്മതപത്രം നൽകിയവർ എത്രപേരെന്ന് വ്യക്തമാക്കാമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയെന്നും, എവിടെയൊക്കെയെന്നും വിശദമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി വിശദമാക്കാമോ ?

## എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ

3890. **ശ്രീ.വി.എസ്.സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജക മണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുത്തുവെങ്കിൽ 76 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) പുനരധിവാസ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഓപ്പറേഷൻ അനന്ത

3891. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ അനന്ത എത്ര ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചിലവഴിച്ചുവെന്ന് അറിയിക്കാമോ?

## കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണം

3892. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിനു വേണ്ടി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സൗജന്യമായും നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നതിന്റെ

അടുത്തുള്ളതുമായ 50 സെന്റ് സ്ഥലം നൽകിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചതിന്റെ ഭരണാനുമതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി നൽകിയ ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച് 29902/L1/14 ഫയലിൽ നടന്ന ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ഡി) തരം മാറ്റുന്നതു സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) സ്ഥലവും ഫണ്ടും ലഭിച്ചിട്ടും പൊതു ആവശ്യത്തിന് ഭൂമിയുടെ തരംമാറ്റം നടക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

## കാസർഗോഡ് ജില്ലയിലെ വില്ലേജുകൾ

3893. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജുകളുടെയും ഗ്രൂപ്പ് വില്ലേജുകളുടെയും കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകാൻ നടപടി

3894. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) (a) കാസർകോട് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചുനൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളിനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചു നൽകിയെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും ഭൂമി പതിച്ചു നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റാന്നിയിൽ പട്ടയ വിതരണം

3895. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ചൂരക്കുഴി അലിമുക്കിൽ എത്ര കുടംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത്; പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന എന്നാണ് നടത്തിയത്; ഇപ്പോൾ ഇവിടെ

പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വീണ്ടും സർവ്വേ പരിശാധനകൾ നടത്തിയിട്ടുണ്ടോ; എന്തു പരിശോധനയാണ് നടത്തിവരുന്നത്; ഇതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ടോ; പ്രത്യേക സർവ്വേ ടീം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; ഇതിന്മേൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച് ഫയൽ നമ്പർ ലഭ്യമാക്കാമോ; ഇപ്പോൾ ഫയൽ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കുമോ?

## പാട്ടത്തിന് നൽകിയ സർക്കാർ ഭൂമിയും പാട്ടക്കുടിശ്ശികയും

3896\. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായി എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഈ ഭൂമിക്ക് ഒരു വർഷം ലഭിക്കേണ്ട പാട്ടത്തുക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടത്തുകയായി കഴിഞ്ഞ നാല് വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയത് എത്ര രൂപയാണ്; വർഷം, ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) നിലവിലെ പാട്ടക്കുടിശ്ശിക എത്ര രൂപയാണ്; വർഷം, ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) പാട്ടക്കുടിശ്ശിക പിരിക്കുന്നതിന് കോടതി സ്റ്റേ നിലവിലുണ്ടോ; എത്ര ഏക്കർ ഭൂമിയുടെ പാട്ടം പിരിക്കുന്നതിനാണ് സ്റ്റേ; ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാട്ടഭൂമി തിരിച്ചു പിടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(എഫ്) ഈ സർക്കാർ വന്നതിന് ശേഷം എത്ര ഏക്കർ പാട്ടഭൂമി കൈവശമിരുന്നവർക്ക് പതിച്ചു നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ജി) ഈ സർക്കാർ വന്നതിന് ശേഷം പുതുതായി ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## കിള്ളിയാർ തീരത്തെ കൈയ്യേറ്റങ്ങൾ

3897\. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ തീരത്തെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത വിഷയത്തിൽ നടപടികൾ എടുക്കാം എന്ന് ഉറപ്പു നൽകിയിട്ടും കൈയ്യേറ്റങ്ങൾ

കൂടിക്കൊണ്ടിരിക്കുന്നതല്ലാതെ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തിൽ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ;

(ഡി) കൈയ്യേറ്റമൊഴിപ്പിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ?

ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം

3898. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം അപേക്ഷകന്റെ താലൂക്കുകളിൽ നിന്നും വിതരണം നടത്താതെ മറ്റു താലൂക്കുകളിൽ കെട്ടിക്കിടക്കുന്നതുമായി സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം വിതരണം നടത്തേണ്ട താലൂക്കുകൾ മാറിപ്പോകാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) അതതു താലൂക്കുകളിൽ നിന്നും വിതരണം നടത്താതെ മറ്റു താലൂക്കുകളിൽ കിടക്കുന്ന ചികിത്സാസഹായം അടിയന്തിരമായി അതതു താലൂക്കുകളിൽ കൂടി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) ഉടുമ്പൻചോല താലൂക്കിൽ നിന്നും വിതരണം നടത്തേണ്ടതും എന്നാൽ വിതരണം നടത്താതെ എത്ര പേരുടെ ധനസഹായമാണ് ജില്ലയിലെ മറ്റു താലൂക്കുകളിൽ കെട്ടിക്കിടക്കുന്നത്; അപേക്ഷകരുടെ പേരു വിവരങ്ങൾ വില്ലേജ് തിരിച്ച് ധനസഹായം ഏതു താലൂക്കിലാണ് എത്തിയിരിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) നാളിതുവരെ ഇപ്രകാരം കെട്ടിക്കിടക്കുന്ന ധനസഹായം അടിയന്തിരമായ അപേക്ഷകന്റെ താലൂക്ക് മുഖാന്തിരം വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആട് ഫാം

3899. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ റീ സർവ്വേ . No.11/1-ൽ പ്പെട്ട 25.91ഏക്കർ ഭൂമി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആട് ഫാം സ്ഥാപിക്കുന്നതിന് വിട്ടു നൽകണമെന്ന ജില്ലാഭരണകൂടത്തിന്റെ അപേക്ഷയിൻമേൽ തീരുമാനം ആകാത്തതുമൂലം പദ്ധതി നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;(ഫയൽ നമ്പർ : 8691/L1/2013/RD) ;

(ബി) G.O. (Ms) 147/86/RD/21/2/86-ലെ ഉത്തരവു പ്രകാരം സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന് വിട്ടുനൽകുകയും ഇന്നുവരെ ഇതിൽ പ്രസ്തുത വകുപ്പ് ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വീണ്ടും വീണ്ടും പ്രസ്തുത വകുപ്പിന് ആവശ്യമുണ്ടോ എന്ന ചോദ്യം

ഉന്നയിച്ച് ഭൂമി ആട്ടുഫാമിന് വിട്ടുതരുന്നതിന് കാലതാമസംവരുത്തുന്ന നടപടി ഒഴിവാക്കി പ്രസ്തുത കേന്ദ്രസർക്കാർ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകളുടെ പ്രവർത്തനം</u>

3900. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ വില്ലേജുകളാണ് ഗ്രൂപ്പ് വില്ലേജുകളായി ഇപ്പോഴും പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഗ്രൂപ്പ് വില്ലേജുകളിൽ വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് ലഭിക്കാനുള്ള സേവനങ്ങൾക്ക് അപേക്ഷകരുടെ എണ്ണക്കൂടുതൽ മൂലം കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രൂപ്പ് വില്ലേജുകളായി കാസർഗോഡ് ജില്ലയിൽ ഇപ്പോഴും പ്രവർത്തിക്കുന്ന വില്ലേജുകളെ വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കുന്നതിനുള്ള നടപടി</u>

3901. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയായ മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഓഫീസുകൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ മുറികൾ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>തോട്ടങ്ങളുടെ ഉടമസ്ഥ അവകാശം</u>

3902. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട തോട്ടങ്ങളുടെ ഉടമസ്ഥ അവകാശം അന്വേഷിക്കുന്നതിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിലെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയുടെ ഭൂമി സർക്കാർ ഭൂമിയാണെന്ന കമ്മീഷന്റെ കണ്ടെത്തലിനെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന് അവകാശപ്പെട്ട ഭൂമി നാളിതുവരെ കൈവശം വയ്ക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്തിട്ടുള്ള തോട്ടം ഉടമകൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇടുക്കി ജില്ലാ കളക്ടർക്ക് മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ?

ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടി.എ.

3903. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള ടി.എ. നാളിതുവരെ മാറി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 12/5/2014-ലെ നം.22910/T2/14 കത്ത് പ്രകാരം, റവന്യൂ കമ്മീഷണറിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം കളക്ടേറ്റ്, ചിറയിൻകീഴ് താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽ നിലവിലുള്ള ഫയലുകളിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത ഫയലുകളിന്മേൽ കൈക്കൊണ്ട നടപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(എഫ്) 12/5/2014-ൽ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്ത ജീവനക്കാർ ആരെല്ലാമാണ് ; അവരുടെ പേരുവിവരവും പദവിയും വ്യക്തമാക്കുമോ ;

(ജി) ഫയൽ നടപടികൾ താമസിപ്പിച്ച ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

മേപ്പയ്യൂർ വില്ലേജിൽ ഭൂനികുതി സ്വീകരിക്കാത്തതിന്മേൽ നടപടി

3904. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ വില്ലേജിലെ ചില ഭാഗങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് നികുതി സ്വീകരിക്കാത്തതെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തി പൂർത്തീകരണ കാലാവധി സംബന്ധിച്ച പുതിയ ഉത്തരവ്

3905. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31/03/2015-നു മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ റദ്ദാക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എന്നാണിറക്കിയിരിക്കുന്നത് എന്ന് പറയാമോ?

(ബി) ഇപ്രകാരം ഉത്തരവിറക്കിയപ്പോൾ ഏപ്രിൽ ഒന്നുമുതൽ ഉത്തരവിറക്കിയ തീയതിവരെയുള്ള കാലയളവിൽ ജോലി ആരംഭിച്ച കേസുകളിൽ എന്തു നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ടോ, ഇത്തരം കേസുകളിൽ എന്താണ് ചെയ്യേണ്ടതെന്നും ജോലി ആരംഭിച്ച കേസുകളിൽ അതുവരെയുണ്ടായ ചെലവുകൾ സർക്കാർ നൽകുമോ എന്നും വ്യക്തമാക്കുമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ചെയ്തു തീർക്കേണ്ട തീയതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മുൻകൂറായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുതന്നെ ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുകയും ജോലി ആരംഭിക്കുന്നതിന് കാലതാമസം വരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ആരംഭിച്ച ജോലികൾക്കുപോലും ചെയ്തുതീർക്കാനുള്ള സമയം നൽകാത്തതരത്തിൽ ഇത്തരത്തിൽ ഉത്തരവിറക്കുന്നതിൻറെ ഉദ്ദേശമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും കാലാവസ്ഥാ പ്രശ്നങ്ങൾ മൂലമുള്ള തടസ്സങ്ങളും മൂലം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടും എന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരണത്തിനും കാലയളവ് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകുമോ?

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തിൾ പൂർത്തിയാക്കാനുള്ള കാലാവധി</u>

3906. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31/03/2015-നു മുമ്പ് പ്രവൃത്തി ആരംഭിക്കാത്ത വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ റദ്ദാക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അത് എന്നാണിറക്കിയിരിക്കുന്നത് എന്ന് പറയാമോ?

(ബി) ഉത്തരവ് പ്രകാരം ഏപ്രിൽ ഒന്നുമുതൽ ഉത്തരവിറക്കിയ തീയതിവരെയുള്ള കാലയളവിൽ ജോലി ആരംഭിച്ച കേസുകളിൽ എന്തു നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ടോ, പ്രസ്തുത പ്രവൃത്തികളിൽ എന്താണ് ചെയ്യേണ്ടതെന്നും അതുവരെയുണ്ടായ ചെലവുകൾ സർക്കാർ നൽകുമോ എന്നും വ്യക്തമാക്കുമോ?

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ചെയ്തു തീർക്കേണ്ട തീയതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മുൻകൂറായി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ?

(ഡി) ആവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും കാലാവസ്ഥാ പ്രശനങ്ങളും നിമിത്തം ജോലി ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നസാഹചര്യത്തിൽ ആരംഭിച്ച ജോലികൾ പോലും ചെയ്തുതീർക്കാനുള്ള സമയം നൽകാത്ത തരത്തിൽ

ഉത്തരവിറക്കുന്നതിൻറെ കാരണമെന്താണെന്ന് പറയാമോ?

(ഇ) മേല്പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഗണിച്ച് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള കാലയളവ് ദീർഘിപ്പിച്ച് ഉത്തരവുണ്ടാകുമോ?

## ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

3907. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിന് 1975-ലെ നിയമം അനുസരിച്ച് എത്ര കേസുകളിൽ എത്ര ഏക്കർ ഭൂമിയാണ് ആദിവാസികൾക്ക് തിരിച്ചു പിടിച്ചുനൽകേണ്ടിയിരുന്നത്; ഇതിന്റെ ജില്ല തിരിച്ചുള്ള ഭൂമിയുടെയും കേസ്സുകളുടെയും എണ്ണം വ്യക്തമാക്കാമോ;

(ബി) 1999-ലെ നിയമം പാസ്സാക്കിയതിനെത്തുടർന്ന് 1986 ജനുവരി 24 ന് മുമ്പ് അന്യാധീനപ്പെട്ട് 5 ഏക്കറിൽ കൂടുതലുള്ള ഭൂമി മാത്രം തിരിച്ച് പിടിച്ചാൽ മതിയെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ 99 ലെ നിയമം അനുസരിച്ച് സംസ്ഥാനത്താകെ എത്ര കേസ്സുകളിൽ എത്ര ഏക്കർ ഭൂമി തിരിച്ചു പിടിച്ച് നൽകി; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 1999-ലെ നിയമം അനുസരിച്ച് 1986 വരെ 5 ഏക്കറിൽ താഴെ ഭൂമി നഷ്ടപ്പെട്ട എത്ര ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി പകരമായി നൽകി എന്ന കാര്യം വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) 1999-ലെ നിയമം അനുസരിച്ച് 1986-ന് ശേഷം ആദിവാസി ഭൂമി ആദിവാസിയല്ലാത്ത ഒരാളിന് കൈമാറുന്നത് അസാധുവാണെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ പല ജില്ലകളിലും ആദിവാസി ഭൂമി കൈയ്യേറിയിട്ടുള്ളതായി എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) ആദിവാസി ഭൂമി നിയമവിരുദ്ധമായി രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ;

(എഫ്) സുപ്രീം കോടതി ഉത്തരവനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത്; ഇതിൽ എത്ര ഏക്കർ വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു?

## പമ്പാവാലിയിലെ കൈവശ കൃഷിക്കാർക്ക് ലഭിച്ച പട്ടയം

3908. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ പമ്പാവാലിയിൽ എത്ര കൈവശ കൃഷിക്കാർക്കാണ് ഇതേവരെ പട്ടയം നൽകിയിട്ടുള്ളത്;

(ബി) നൽകിയ പട്ടയങ്ങളിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പമ്പാവാലിയിൽ നൽകിയ പട്ടയങ്ങളിലെ അപാകത പരിഹരിക്കുന്നതിനും, പുതുതായി പട്ടയം നൽകുന്നതിനും പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കണമെന്ന ജില്ലാ വികസന സമിതിയുടെ പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്നാണ് ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചിട്ടുള്ളത്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കടുത്തുരുത്തി എക്സൈസ് ഓഫീസ് നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം</u>

3909. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് നിർമ്മിക്കുന്നതു സംബന്ധിച്ച് ഭൂമി കൈമാറുന്നതിന് ഫയൽ നമ്പർ 37294/Rev.4/2014 ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ ;പ്രസ്തുത ഫയൽ തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ സംബന്ധിച്ച് കോട്ടയം കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഉടുമ്പൻചോല താലൂക്കിലെ മിനി സിവിൽ സ്റ്റേഷൻ</u>

3910. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം നടന്നത് എന്നാണ്; നിലവിൽ ഈ സമുച്ചയത്തിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഉടുമ്പൻചോല താലൂക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാകാത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ ?

<u>പനച്ചമൂട്ടിൽ കടവ് പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണം</u>

3911. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്ടിൽ കടവ് പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മിക്കുവാനുള്ള സ്ഥലം സറണ്ടർ ചെയ്ത് റിലിങ്ക്വിഷ്മെൻറ് ഫോറം 2010 ൽ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫോമുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ; അവ അടിസ്ഥാനമാക്കി പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി പ്രഖ്യാപിക്കുവാനുള്ള നടപടി എന്നാണ് ആരംഭിച്ചിത് ;

(സി) പ്രസ്തുത നടപടി വൈകുവാൻ ഉണ്ടായ കാരണം എന്താണ് ;

(ഡി) തുടർ നടപടികൾക്ക് ഇപ്പോഴുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ?

ക്വാർട്ടേഴ്സ് നിർമ്മാണം

3912. ശ്രീ.സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ തൃക്കൊടിത്താനം, കുറിച്ചി വില്ലേജ് ഓഫീസുകളുടെ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ക്വാർട്ടേഴ്സ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

നെയ്യാറ്റിൻകര മണ്ഡലത്തിലെ റിവർമാനേജ് മെന്റ് ഫണ്ട് പ്രവൃത്തികൾ

3913. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർമാനേജ് മെന്റ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

പുനരധിവാസപദ്ധതി.

T 3914. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഭൂരഹിതരുടെയും ഭവന രഹിതരുടെയും പുനരധിവാസ പദ്ധതിക്ക് നീക്കിവെച്ച തുക എത്ര ; ആയതിന് ചെലവാക്കിയതിന്റെ വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ പ്രയോജനം ലഭിച്ച ആകെ കുടുംബങ്ങളുടെ എണ്ണം ലഭ്യമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ ; നിലവിൽ പദ്ധതിയുടെ അവസ്ഥ വിശദീകരിക്കാമോ ?

ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി

3915. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിലെ പെരുവന്താനം വില്ലേജിലെ ചുഴിപ്പ് പ്രദേശത്ത് 04-08-1994 ൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങൾക്ക് ജി. ഒ. (ആർ. റ്റി.) 196/98/RD, 06-01-98 പ്രകാരം പകരം ഭൂമി നല്കുവാനുള്ള സർക്കാർ ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആയതുപ്രകാരം എത്ര കുടുംബങ്ങൾക്ക് പകരം ഭൂമി നല്കി ;

(സി) ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി എത്ര സമയത്തിനുള്ളിൽ നല്കുവാൻ കഴിയും ;

(ഡി) ഉത്തരവ് പ്രകാരം ഭൂമി നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്**II** തസ്തികയിലെ ഒഴിവുകൾ

3916. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ -ഭൂരേഖ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) 2015 മേയ് വരെ പ്രസ്തുത തസ്തികയിലുള്ള റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ്; 2015 മേയ് വരെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ന്റെ റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ്;

(സി) ബൈ പ്രൊമോഷൻ വഴി ഒഴിവുകൾ നികത്തുന്നതിന് മതിയായ, അർഹരായ അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാരായ്മ കുടിയാൻമാരുടെ അവകാശ സംരക്ഷണത്തിനായി നിയമനിർമ്മാണം

3917. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരായ്മ കുടിയാൻമാരുടെ അവകാശ സംരക്ഷണം ലക്ഷ്യമിട്ട ദി കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ .1994-ന് മേൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) കാരായ്മ കുടിയാൻമാർക്ക് ഭൂമിയുടെ മേലുള്ള അവകാശവും മറ്റും സംരക്ഷിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ?

പയ്യന്നൂർ താലൂക്ക് രൂപീകരണം

3918. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഏതൊക്കെ വില്ലേജുകളെയാണ് നിർദ്ദിഷ്ട താലൂക്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) താലൂക്കിൻെറ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിയ്ക്കാമോ ?

ഭൂരഹിതർക്ക് ഭൂമി

3919. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഭൂമി എവിടെയൊക്കെ എത്ര ഭൂരഹിതർക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

3920. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളിൽ ഏതെല്ലാം സർവ്വേ നമ്പരുകളിൽ എത്ര ഏക്കർഭൂമി എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട്, ഇടുക്കി, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെ ഗുണഭോക്താക്കളുടെ പട്ടികലഭ്യമാക്കാമോ;

<u>റീ സർവ്വേ സംബന്ധിച്ച് ഉണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ</u>

3921. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേ സംബന്ധിച്ച് ഉണ്ടാകുന്ന ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) അപ്പീൽ ലാന്റ് കംപ്ലയ്ന്റ് (ALC), സർവ്വേ അദാലത്ത് എന്നീ ഭൂപരാതികൾ റദ്ദ് ചെയ്യുന്നതിന് നിലവിൽ നിയമ വ്യവസ്ഥകൾ ഉണ്ടോ; എങ്കിൽ ഏതു വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടികൾ സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ; പ്രസ്തുത വ്യവസ്ഥകൾ ഉള്ളടക്കം ചെയ്ത പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) എ. എൽ. സി അപേക്ഷകൾ, സർവ്വേ അദാലത്ത് അപേക്ഷകൾ എന്നിവ റദ്ദ് ചെയ്യുന്നതിനുള്ള നിയമപരമായ അധികാരം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണെന്നും അത്തരത്തിൽ ചെയ്യുമ്പോൾ പാലിക്കേണ്ടുന്ന നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

<u>കയർ മേഖലയെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ച കർമ്മ പദ്ധതികൾ</u>

3922. ശ്രീ.സി.പി.മുഹമ്മദ്

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;വിശദമാക്കുമോ

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇത് മൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>കയർ മേഖലയെ നവീകരിക്കുന്നതിനുള്ള പദ്ധതി</u>

3923. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖല പുനരുജ്ജീവിപ്പിയ്ക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>കയർ കമ്മീഷൻ ശുപാർശകൾ</u>

3924. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബാബു എം. പാലിശ്ശേരി

,, എം.ചന്ദ്രൻ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കമ്മീഷൻ നൽകിയ ശുപാർശകൾ നടപ്പാക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) തൊണ്ട് സംഭരണത്തിനായി രൂപീകരിച്ച കൺസോർഷ്യങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇതിനായി നിർദ്ദേശിച്ചിരുന്ന അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) കയർ മേഖലയിലേക്ക് ആവശ്യമായ യന്ത്രങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ

ഉടമസ്ഥതയിൽ ആരംഭിച്ച കമ്പനി പ്രവർത്തിക്കുന്നുണ്ടോ ; ഇവിടെ നിന്നുളള ഉൽപന്നങ്ങൾ കയർ മേഖലയ്ക്ക് ലഭ്യമാക്കുന്നുണ്ടോ ?

<u>തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും .</u>

3925. ശ്രീ.വർക്കല കഹാർ

,, പി.എ.മാധവൻ

,, വി.ഡി.സതീശൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദത്തിനും വേണ്ടി എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>തൊണ്ട് ശേഖരണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം</u>

3926. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കയർ നിർമ്മാണത്തിനായി എത്ര ടൺ ചകിരിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന ചകിരി എത്ര ടൺ എന്നും തമിഴ് നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് എത്രയെന്നും വെളിപ്പെടുത്താമോ ;

(ബി) തൊണ്ട് സംഭരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; ഇപ്പോൾ ഉണക്കത്തൊണ്ടിനും പച്ചത്തൊണ്ടിനും നൽകുന്ന വില എത്രയെന്നും തൊണ്ട് സംഭരിച്ച് നൽകുന്നവർക്ക് നൽകുന്ന പ്രതിഫലം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) തൊണ്ട് ശേഖരിക്കുന്ന ജോലി കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഓരോ ജില്ലയിൽ നിന്നും കുടുംബശ്രീകൾ ശേഖരിക്കുന്ന തൊണ്ട് ഒരു നിശ്ചിത സ്ഥാനത്ത് എത്തിച്ച് ഒരു ആഴ്ചയിലോ, ഒരു മാസത്തിലോ ആലപ്പുഴയിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയർ മേഖലയിൽ കൂടുതൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് റാട്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട് സൗജന്യ നിരക്കിൽ നൽകുമോയെന്ന് വ്യക്തമാക്കാമോ ?

<u>വിദേശയാത്രകൾ</u>

3927. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ /കയറുല്പന്നങ്ങളുടെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് മന്ത്രിയടക്കമുള്ള ഉദ്യോഗസ്ഥൻമാരുടെ സംഘങ്ങൾ എത്ര തവണ വിദേശയാത്ര നടത്തിയെന്ന് അറിയിക്കുമോ ;

(ബി) ഓരോ സംഘത്തിലും മന്ത്രിയുൾപ്പെടെ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും എതെല്ലാം രാജ്യങ്ങളിൽ എത്ര ദിവസം ചെലവഴിച്ചുവെന്നും ആയതിനുവേണ്ടി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചുവെന്നും ഓരോ സന്ദർശനത്തിന്റേയും അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>പാചകവാതക വിതരണ ചട്ടങ്ങൾ</u>

3928. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; വിതരണ ഏജൻസികൾ ഈ ചട്ടങ്ങൾ പാലിക്കുന്നു ണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ;

(ബി) സുരക്ഷയുടെ ഭാഗമായി ഏജൻസി പ്രത്യേക വാഹനങ്ങളിൽ സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് എത്തിയ്ക്കുന്നുണ്ടോ;

(സി) തിരുവനന്തപുരത്ത് ശ്രീകാര്യത്തുള്ള ശ്രീലക്ഷ്മി ഗ്യാസ് ഏജൻസി സുരക്ഷാ സംവിധാനമനുസരിച്ച് വാഹനങ്ങളിൽ ഗ്യാസ് വിതരണം നടത്താതെ ഉപഭോക്താക്കൾ സ്വകാര്യവാഹനങ്ങളിൽ ഗ്യാസ് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേണ്ടത്ര തൊഴിലാളികളോ സുരക്ഷാസംവിധാനങ്ങളോ ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത ഗ്യാസ് ഏജൻസിയുടെ മേൽ നടപടി സ്വീകരിക്കുമോ ?

<u>ഭക്ഷണസാധന വില നിയന്ത്രിക്കാൻ നിയമം</u>

T 3929. ശ്രീ.എ.റ്റി.ജോർജ്
,, ഹൈബി ഈഡൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണസാധന വില നിയന്ത്രിക്കാനുള്ള നിയമത്തിൽ ഭക്ഷണവില നിയന്ത്രിക്കുവാനും ഹോട്ടലുകൾക്ക് ഗ്രേഡ് ഏർപ്പെടുത്തുവാനും എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>നെല്ലിന്റെ താങ്ങുവില</u>

3930. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നെല്ലിന്റെ എം.എസ്.പി. 50/- രൂപ കൂട്ടിയത് കാരണം കേരളത്തിലെ കൃഷിക്കാർക്ക് നിലവിൽ നല്കി വരുന്ന 19/- രൂപയിൽ എത്ര രൂപ കൂടുതൽ നൽകുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) താങ്ങുവില നല്കി നെല്ല് സംഭരിച്ചയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ എത്ര രൂപയാണ് കൂടുതൽ നൽകുവാനുള്ളത്;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിനു വേണ്ടി വിവിധ ബാങ്കുകളിൽ നിന്ന് എത്ര രൂപ കടമെടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത കടത്തിന് ഓരോ ബാങ്കിലേയും പലിശ നിരക്ക് എത്രയാണ്;

(ഇ) ഈ വർഷത്തെയും അടുത്ത രണ്ടാംവിളയിലേയും നെല്ല്, താങ്ങുവിലയ്ക്ക് സംഭരിക്കുവാൻ എത്ര രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(എഫ്) ഇതിൽ എത്ര രൂപയാണ് ഈ ബഡ്ജറ്റിൽ താങ്ങുവിലയ്ക്ക് വേണ്ടി നീക്കി വച്ചിരിക്കുന്നത്?

<u>ഒരു നിയോജക മണ്ഡലത്തിൽ ഒരു മാവേലി റേഷൻകട</u>

3931. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും ഓരോ മാവേലി റേഷൻകട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മുഴുവൻ നിയോജക മണ്ഡലത്തിലും അനുവദിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങൾ ബാക്കിയുണ്ട് എന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യത്തോടെയണ് പദ്ധതി ആരംഭിച്ചതെന്ന് അറിയിക്കുമോ ; ഇതിനായി ബഡ്ജറ്റിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

<u>പുതിയ റേഷൻ കാർഡു വിതരണവും കാർഡിലെ വിവരങ്ങളുടെ ആധികാരികതയും</u>

3932. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ റേഷൻ കാർഡിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം വിവരങ്ങളാണ് പുതിയ കാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പുതിയ കാർഡുകളുടെ ഉപയോഗം നിലവിൽവന്നു കഴിയുമ്പോൾ ഏതെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് പകരം റേഷൻ കാർഡ് ഉപയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ

(ബി) റേഷൻ കാർഡിലെ വിവരങ്ങൾക്ക് കാർഡിൽ ഉൾപ്പെട്ട വ്യക്തികൾ നൽകുന്നതിലപ്പുറം

എന്തെങ്കിലും ആധികാരികത ഉണ്ടോയെന്നും ഒരു വ്യക്തി തെറ്റായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെങ്കിൽ എന്തു നടപടി സ്വീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

പുതിയ റേഷൻകാർഡ് വിതരണം

3933. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബങ്ങൾക്കുള്ള പുതിയ റേഷൻകാർഡ് വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നു അറിയിക്കാമോ?

പുതിയ റേഷൻകാർഡിലെ വിവരങ്ങൾ

3934. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻകാർഡ് ഒന്നിന് എത്ര തുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റേഷൻ അരി

3935. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ അരി കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) 2015 ജനുവരി മുതൽ ജൂൺ 30 വരെ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഗുരുതര രോഗം ബാധിച്ചവരുടെ റേഷൻ കാർഡുകൾ ബി.പി.എൽ ആക്കുന്നതിനുള്ള തടസ്സം

3936. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ, കിഡ്നി രോഗം, തലച്ചോറിന്റെ രോഗം തുടങ്ങി ഗുരുതരമായ രോഗം ബാധിച്ചവർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) മേൽ പറഞ്ഞവരുടെ റേഷൻ കാർഡുകളിൽ ഇപ്രകാരം തിരുത്തലുകൾ വരുത്തുന്നതിന് എന്താണ് ചെയ്യേണ്ടത് ; ഇതിനുവേണ്ടി സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണ് ; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; ഇപ്രകാരം ബി.പി.എൽ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കപ്പെട്ടാൽ എത്ര

ദിവസങ്ങൾക്കുള്ളിൽ റേഷൻകാർഡിൽ മാറ്റം വരുത്തി തിരികെ ലഭിക്കുമെന്ന് പറയാമോ ;

(സി) ഗുരുതരമായ രോഗങ്ങൾ ബാധിച്ചവരും ബി.പി.എൽ വിഭാഗമായിട്ടും റേഷൻ കാർഡിൽ തെറ്റായി എ.പി.എൽ.എന്ന് രേഖപ്പെടുത്തി ലഭിച്ചവരുമായ ആളുകൾക്ക് റേഷൻ കാർഡിൽ ബി.പി.എൽ എന്ന് തിരുത്തി കിട്ടുന്നതിനുവേണ്ടി ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും എത്തുമ്പോൾ വിവിധ തടസ്സങ്ങൾ ഉയർത്തി അവരെ തിരിച്ചയക്കുന്ന നടപടി ജീവനക്കാർ സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇപ്രകാരമുള്ള കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>പട്ടിക ഗോത്ര വർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ കാർഡ്</u>

T 3937. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പട്ടിക ഗോത്ര വർഗ്ഗ കുടുംബങ്ങൾക്കാണ് അപേക്ഷ നൽകിയിട്ടും റേഷൻ കാർഡ് ഇല്ലാത്തതന്ന് വിശദമാക്കാമോ ;

(ബി) റേഷൻ കാർഡ് നൽകാൻ വൈകുന്നതു കൊണ്ട് ഇവർക്ക് ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ കിട്ടാതാകുന്ന സ്ഥിതി ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) എത്ര പട്ടിക ഗോത്ര വർഗ്ഗക്കാരുടെ റേഷൻ കാർഡിനുള്ള അപേക്ഷയാണ് ഓരോ ജില്ലയിലും കെട്ടികിടക്കുന്നത് എന്ന് അറിയിക്കുമോ ;

(ഡി) ഈ വിഭാഗത്തിന് എത്രയും വേഗം റേഷൻ കാർഡ് ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>നെല്ല് സംഭരണം</u>

T 3938. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം എത്ര ടൺ നെല്ല് സംഭരിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നെല്ല് സംഭരിച്ചയിനത്തിൽ കർഷകർക്ക് എത്ര തുക ഇനിയും നൽകേണ്ടതുണ്ട് ;

(സി) സംഭരണത്തിനായി നെല്ല് നൽകിയശേഷം നാളിതുവരെ പണം ലഭിക്കാത്ത എത്ര നെൽ കർഷകർ ഉണ്ടെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങളിൽ നെല്ല് നൽകി എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കർഷകർക്ക് എത്ര ദിവസത്തിനകം നിലവിലെ നിയമപ്രകാരം പണം നൽകേണ്ടതുണ്ട് എന്നും ഈ സർക്കാർ കാലയളവിൽ ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) നെൽകൃഷിക്ക് വേണ്ട സഹായം നല്കുന്നതിനും ഉല്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുന്നതിനും, ആയതിന് യഥാസമയം പണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഒരു നെൽ കർഷക കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ?

## റേഷൻ വിഹിതത്തിലെ കുറവ്

3939. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരമേറ്റശേഷം, കേരളത്തിന് മുൻകാലങ്ങളിൽ നൽകിവന്നിരുന്ന റേഷൻ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് നൽകുമോ?

## റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ

3940. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓൾ കേരള റേഷൻ ഡീലേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) റേഷൻ വ്യാപാരികളുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് നടത്തിയ ചർച്ചയിൽ എന്തെല്ലാം ധാരണകളാണ് സർക്കാരുമായി ഉണ്ടാക്കിയിരുന്നത്;

(സി) ഇവ പാലിക്കുന്നതിൽ സർക്കാർ വിമുഖത പ്രകടിപ്പിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റേഷൻ വ്യാപാരികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## തോട്ടം തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് കൊടുക്കുന്ന അരി

3941. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ, ബി.പി.എൽ, എ.പി.എൽ കാർഡുടമകളായ തോട്ടം തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് കൊടുക്കുന്ന അരി , പച്ചരിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുഴുക്കലരി വിതരണം ചെയ്യാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ ;

(സി) സ്വീകരിച്ചിട്ടില്ലെങ്കിൽ പുഴുക്കലരി വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; തോട്ടം തൊഴിലാളികൾക്കായുള്ള അരി വിതരണത്തിലെ അപാകതകൾ പരിഹരിക്കുമോ?

## റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും കള്ളക്കടത്ത്

3942. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം എത്ര ടൺ റേഷൻ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കള്ളക്കടത്ത് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട് ; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും പോലീസും സിവിൽസപ്ലൈസ് ഉദ്യോഗസ്ഥരും ചേർന്ന് പിടിച്ചെടുത്തിട്ടുണ്ട് ; വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) റേഷൻ സാധനങ്ങളുടെ കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവ ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങളുടെ അളവ് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ പൂർണ്ണമായും സംസ്ഥാനം എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സംയോജിത പൊതു വിതരണ സമ്പ്രദായം</u>

3943. ശ്രീ.ബെന്നി ബെഹനാൻ

,, എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ - ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതു വിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) ഇത് മൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ?

<u>നിലവിലെ റേഷൻ കാർഡുകളുടെ കണക്ക്</u>

3944. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ട്; അതിൽ എ.പി.എൽ. എത്ര; ബി.പി.എൽ. എത്ര; എ.എ.വൈ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കിയിട്ടുണ്ട് ; എത്ര ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജീവനക്കാരിൽ (കേന്ദ്ര- സംസ്ഥാന- പൊതുമേഖല) എത്ര പേർക്ക് ഇപ്പോൾ

ബി.പി.എൽ കാർഡുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ബി.പി.എൽ കാർഡുകൾ എ.പി.എൽ കാർഡുകളാക്കി മാറ്റിയ എത്ര കേന്ദ്ര-സംസ്ഥാന-പൊതുമഖലാ ജീവനക്കാരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) എ.പി.എൽ കാർഡുകൾക്കും ബി.പി.എൽ കാർഡുകൾക്കും നൽകാനായി ഓരോ മാസവും കേന്ദ്ര സർക്കാർ അരി ഉൾപ്പെടെ എന്തെല്ലാം ഭക്ഷ്യോല്പന്നങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കാനും ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കാനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

3945. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ;

(ബി) ഡൽഹി, ബോംബെ കേരള ഹൗസുകളിൽ പ്രീമിയം വില്പനശാലകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇവയുടെ പ്രവർത്തനം പ്രവാസികളായ കേരളീയർക്ക് എത്രമാത്രം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ

3946. **ശ്രീ.സി.ദിവാകരൻ**

**,, ജി.എസ്.ജയലാൽ**

**,, കെ.അജിത്**

**,, വി.ശശി :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിറ്റ വകയിൽ സപ്ലൈകോയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുക നഷ്ടമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

## സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

3947. **ശ്രീ.കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പേറേഷന്റെ ഔട്ട് ലെറ്റുകളിൽ ജോലി നോക്കുന്ന ഡെപ്യൂട്ടേഷൻ, ഡയറക്ട് വിഭാഗങ്ങളിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഒരു പൊതു മാനദണ്ഡം രൂപീകരിക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഒരു ഔട്ട് ലെറ്റിൽ സ്ഥലംമാറ്റ ഭീഷണിയില്ലാതെ കുറഞ്ഞത് മൂന്ന് വർഷക്കാലം ജോലി നോക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുമോ ;

(സി) സപ്ലൈകോയുടെ തിരുവനന്തപുരം മേഖലാ ഓഫീസിന്റെ പരിധിയിലെ താലൂക്ക് ഡിപ്പോകൾക്ക് കീഴിലെ ഔട്ട് ലെറ്റുകളിലെ ഡെപ്യൂട്ടേഷൻ, ഡയറക്ട് വിഭാഗങ്ങളിലെ പട്ടികജാതി വിഭാഗക്കാരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ജീവനക്കാരിൽ 2014-15 വർഷം രണ്ടോ അതിലധികമോ തവണ സ്ഥലം മാറ്റപ്പെട്ട എത്ര ജീവനക്കാരുണ്ട് ; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(ഇ) സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ട ഇവരെ ഡിപ്പോ മാനേജരുടെ താല്പര്യപ്രകാരം സ്ഥലംമാറ്റുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(എഫ്) പ്രസ്തുത ജീവനക്കാരുടെ (ഔട്ട് ലെറ്റ്) ആവശ്യപ്രകാരമല്ലാതെ സ്ഥലം മാറ്റി പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിക്കുമോ?

## കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ്

3948. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ; അന്ന് കേരളത്തിന് ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു; കേരളം എത്ര ടൺ ഭക്ഷ്യധാന്യവും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടിരുന്നത്;

(ബി) 2011 മേയ് മാസത്തിൽ എത്ര റേഷൻ കാർഡുകളാണ് ഉണ്ടായിരുന്നത്; തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ;ഈ ഓരോ തരം കാർഡുകൾക്കും അന്ന് അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ;

(സി) 2015 മേയ് / ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ; ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു; കേരളം എത്ര ടൺ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടത്;

(ഡി) ഇപ്പോൾ നിലവിൽ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉള്ളത്;തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ; ഓരോതരം കാർഡിനും ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കുമോ?

## ഭക്ഷണവില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം

3949. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതിന് അടിയന്തരമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ?

<u>ചാലക്കുടി കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രിക്ക് ബി.പി.എൽ. പെർമിറ്റ്</u>

3950. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള എ.പി.എൽ പെർമിറ്റ് ബി.പി.എൽ ആക്കി മാറ്റി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവർക്ക് ബി.പി.എൽ പെർമിറ്റ് അടിയന്തരമായി അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>പീപ്പിൾ ബസാറുകളുടെ പ്രവർത്തനം</u>

3951. **ശ്രീ.ഇ.പി.ജയരാജൻ**

**,,** കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**

**,,** എ.എം. ആരിഫ്

**,,** കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14 ജില്ലാകേന്ദ്രങ്ങളിലും ഉണ്ടായിരുന്ന പീപ്പിൾസ് ബസാറുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവ പ്രവർത്തനം നിർത്താനുള്ള കാരണം വ്യക്തമാക്കാമോ;

<u>കേരളത്തിലെ പഴം- പച്ചക്കറി സംഭരണവും സംസ്കരണവും .</u>

3952. **ശ്രീ.ഷാഫി പറമ്പിൽ**

**,,** ഹൈബി ഈഡൻ

**,,** കെ.മുരളീധരൻ

**,,** വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പഴം- പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും വേണ്ടി ഭക്ഷ്യ വകുപ്പ് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>റേഷനരിയുടെ കള്ളക്കടത്ത്</u>

3953. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷനരിയുടെ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത്തരത്തിൽ സ്വകാര്യമില്ലുകളിലെത്തുന്ന റേഷനരി പായ്ക്കറ്റുകളിലാക്കിയും, പൊടിയാക്കിയും മറ്റും വിപണനം ചെയ്യുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം പരിശോധനകൾ നടത്തുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(സി) മുൻ വർഷം രൂപമാറ്റം നടത്തി റേഷനരി വിതരണം ചെയ്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഡി) പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ,റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും ,പൂഴ്ത്തിവയ്പും ,കള്ളക്കടത്തും തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## പീപ്പിൾസ് ബസാറുകൾ

3954. ശ്രീ.എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണത്തിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോഎന്ന് വിശദമാക്കുമോ ?

## അമ്പലപ്പുഴ മണ്ഡലത്തിലെ കർഷകർക്ക് നൽകേണ്ട നെല്ലിന്റെ സംഭരണ വില

3955. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എന്തു തുക നൽകുവാനുണ്ട് എന്നും തുക എന്ന് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന സമയത്ത് തന്നെ നെല്ലിന്റെ വില കർഷകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

## സപ്ലൈകോയുടെ ലാഭനഷ്ടങ്ങൾ

3956. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ സബ്സിഡി നിരക്കിൽ വിൽക്കുന്ന സാധനങ്ങളുടെ വില പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് സപ്ലൈകോ നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതവരെ സപ്ലൈകോയ്ക്കുണ്ടായ ലാഭനഷ്ടങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ;

## സപ്ലൈകോയുടെ നെല്ല് സംഭരണം

3957. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സംഭരിക്കുന്ന നെല്ലിൻെറ വില നൽകുന്നതിൽ നിന്നും ബാങ്കുകൾ പിന്മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം ബാങ്കുകളാണ് പിന്മാറിയതെന്ന് വിശദമാക്കുമോ;

(സി) കരാറിൽ നിന്നും ബാങ്കുകൾ പിന്മാറാനുണ്ടായ കാരണം വിശദമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ നിലവിൽ നെൽകർഷകർക്ക് കൊടുക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഭൂമി രജിസ്ട്രേഷനിലുണ്ടായ കുറവ്

3958. ശ്രീ.എസ്.ശർമ്മ

,, കെ.കെ.ജയചന്ദ്രൻ

,, രാജു എബ്രഹാം

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ അപേക്ഷിച്ച്, 2014-ൽ സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കുറവ് ഉണ്ടായതാ യാണ് കണ്ടെത്തിയിട്ടുള്ളത്: :

(സി) അതിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അമിതഫീസും അപ്രായോഗിക നിർദ്ദേശങ്ങളും ഇതിന് കാരണമായതായി കരുതുന്നുണ്ടോ ;

(ഇ) മുക്ത്യാർ നൽകുന്നതിനുള്ള നിബന്ധനകൾ പുതുക്കിയിട്ടുണ്ടോ ;

(എഫ്) വസ്തുക്കളുടെ ബാദ്ധ്യതാ വിവരണത്തിനുള്ള സർട്ടിഫിക്കറ്റ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ?

## ആശ്രയ ചാരിറ്റബിൾ ട്രസ്റ്റ്

3959. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി സബ് രജിസ്ട്രാർ ആഫീസിൽ 2007 ഡിസംബർ മാസത്തിൽ ആശ്രയ എന്ന പേരിൽ ഒരു ചാരിറ്റബിൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത ട്രസ്റ്റിന്റെ അന്നത്തെ ചെയർമാൻ, രക്ഷാധികാരി, മറ്റ് അംഗങ്ങൾ എന്നിവർ ആരെല്ലാമായിരുന്നു; വിശദമാക്കാമോ ; പ്രസ്തുത ട്രസ്റ്റിന്റെ ഇപ്പോഴത്തെ ഭാരവാഹികൾ ആരെല്ലാമാണ്?

## ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

3960. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) അപ്രകാരം ഇളവ് നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) ഈ നടപടി പ്രകാരം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## അണ്ടർ വാല്യുവേഷൻ കേസ്സുകൾ

3961. ശ്രീ.ആർ . സെൽവരാജ്
,, വി.റ്റി.ബൽറാം
,, കെ.ശിവദാസൻ നായർ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

## മുദ്രവില

3962. ശ്രീ.കെ.ശിവദാസൻ നായർ
,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള മുദ്രവില കുറയ്ക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

<u>ഓൺലൈൻ വഴി ആധാരങ്ങൾ സംബന്ധിച്ച വിവരം</u>

3963. ശ്രീ.സി.പി.മുഹമ്മദ്

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി ലഭിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി</u>

3964. ശ്രീ.വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

<u>ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക</u>

3965. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ശിവപുരം ലക്ഷംവീട് മിനിസ്റ്റേഡിയത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി;

(ബി) ചിറ്റാരിപ്പറമ്പ് സർക്കാർ ഹയർസെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിക്കുകയുണ്ടായി;

(സി) പ്രസ്തുത രണ്ടു പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് സർക്കാരിനു സമർപ്പിക്കുകയുണ്ടായോ; ഏതു ഫയൽ നമ്പർ പ്രകാരം ,എന്നാണ് ചീഫ് എഞ്ചിനീയർക്കു സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ?

## ഊട്ടറ പാലത്തിന്റെ അപകടാവസ്ഥ

3966. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് - പുതുനഗരം റോഡിലെ ഊട്ടറ പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ കാലപ്പഴക്കം, അപകടാവസ്ഥ എന്നിവ സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഊട്ടറ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഊട്ടറ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണം

3967. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

## റോഡുകളുടെ അറ്റകുറ്റപ്പണി

3968. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ കേബിളുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി വെട്ടിപൊളിക്കുന്നത്, പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്;

(സി) മഴക്കാലത്തും മറ്റും റോഡുകളിൽ രൂപപ്പെടുന്ന ചെറിയ ഗർത്തങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തത് റോഡുകൾ പൂർണ്ണമായി തകരുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ അവ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ;

(ഡി) മഴക്കാലത്തും മറ്റും മണ്ണും ചെളിയും റോഡിലേയ്ക്കിറങ്ങി വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം</u>

3969. ശ്രീ.ബെന്നി ബെഹനാൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.ശിവദാസൻ നായർ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. റ്റി. പി. യുടെ രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പി.ഡബ്ല്യൂ.ഡി. ആധുനികവൽക്കരണ പദ്ധതി</u>

3970. ശ്രീ.എം.പി.വിൻസെന്റ്

,, ലൂഡി ലൂയിസ്

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ആധുനികവൽക്കരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പ് വരുത്താൻ നടപടി</u>

3971. ശ്രീ.ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, എ.റ്റി.ജോർജ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

റോഡ് വികസനത്തിന് സ്വീകരിച്ച നടപടികൾ

3972. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അസൈപ്പാട്-അയിമ്പകുളം -തോട്ടമുക്ക്- കുരിശുംമൂട് റോഡ് വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

മലയോര ഹൈവേ നിർമ്മാണം

3973. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിച്ച് യാത്ര സുഗമമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

കാലടി-മഞ്ഞപ്ര റോഡ് നിർമ്മാണം

3974. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി-മഞ്ഞപ്ര റോഡിന്റെ 5 കോടി രൂപ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ എത്ര തവണ വിശദീകരണം ആവശ്യപ്പെട്ടിരുന്നു ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പൊതുമരാമത്ത് , ധനകാര്യം , ചീഫ് ടെക്നിക്കൽ എക്സാമിനർ തുടങ്ങിയ വകുപ്പുകളിൽ

വിശദീകരണം ചോദിച്ചും മറുപടി നൽകിയും നിർമ്മാണ പ്രവർത്തനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ആയൂർ - ഇത്തിക്കര റോഡ് നിർമ്മാണം

3975. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ആയൂർ - ഇത്തിക്കര റോഡ് ബി.എം.&ബി.സി. പ്രകാരം നിർമ്മാണത്തിന് ഭരണാനുമതി നൽകാമോ ; ഇതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് നിലവിലുണ്ടോ ?

വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണപ്രവർത്തനങ്ങൾ

3976. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതി തുടർന്ന് കൊണ്ടുപോകാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത്?

ലൈറ്റ് മെട്രോ പദ്ധതി

3977. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ്കുമാർ
,, വി.ശിവൻകുട്ടി
,, പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി ഡി.എം.ആർ.സി.യെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിന് ഡി.എം.ആർ.സി.യിൽ നിന്ന് വിശദീകരണം തേടുകയുണ്ടായോ; വിശദമാക്കാമോ;

(ഡി) ഇതനുസരിച്ച് ധനവകുപ്പിന്റെ തടസ്സവാദങ്ങൾക്ക് മരാമത്ത് വകുപ്പ് മറുപടി രേഖപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

(ഇ) ലൈറ്റ് മെട്രോയിൽ നിന്ന് ഡി.എം.ആർ.സി.യെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൊല്ലം ജില്ലയിൽ ദേശീയ പാതകളുടെ നവീകരണം

3978. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ദേശീയ പാതകളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു ;

(ബി) ഏതെല്ലാം പ്രവർത്തികളാണ് പ്രസ്തുത തുക ചെലവഴിച്ച് നടപ്പിലാക്കിയത് ; പ്രവർത്തികളുടെ അടങ്കൽ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

<u>അരൂർ മണ്ഡലത്തിലെ പാലം നിർമ്മാണം</u>

3979. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ എരമല്ലൂർ കുടപുറം പാലം, അഞ്ചുതുരുത്ത് ദ്വീപിലേക്കുള്ള പാലം, പി.എസ്.-കടത്തുഫെറി പാലം, കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലം, വാക്കയിൽ പാലം എന്നീ പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇവയുടെ നിർമ്മാണത്തിനാവശ്യമായ നടപടി ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>മുനമ്പം അഴീക്കോട് പാലത്തിന്റെ നിർമ്മാണം</u>

3980. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന മുനമ്പം- അഴീക്കോട് പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്നും വ്യക്തമാക്കാമോ ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ഇ) പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്കും വസ്തുവകകൾക്കും നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി വിശദീകരിക്കാമോ ?

<u>ലൈറ്റ് മെട്രോ പദ്ധതി</u>

T 3981. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ ആരംഭിക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിൻമേലുള്ള തുടർ നടപടികളുടെ ഇപ്പോഴത്തെ നില എന്തെന്ന് വിശദമാക്കുമോ ;

(ബി) ധനകാര്യ വകുപ്പിൽ നിന്നും പദ്ധതിയുടെ ഫയൽ 30ഓളം ക്വറിയിട്ട് പി ഡബ്ല്യു.ഡി വകുപ്പിന്

അയച്ചിട്ട് മാസങ്ങളായിട്ടും ഫയലിൽ യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ഡി) എത്രയും പെട്ടെന്ന് ഈ പദ്ധതികൾ ആരംഭിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ ?

കൊല്ലം പെരുമൺ പാലം നിർമ്മാണം

3982. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പെരുമൺ പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന അറിയുമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പാലം നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയെന്നറിയിക്കാമോ?

നെന്മാറ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

3983. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പൊന്നും വില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുമ്പായി പദ്ധതി ചെലവിന്റെ 25 ശതമാനം മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തീയതിക്കാണ് കത്ത് നൽകിയതെന്നും ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) കൊല്ലങ്കോട് പട്ടണത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും എന്ന് വിശദമാക്കുമോ ?

മാമ്പറം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണം

3984. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാമ്പറം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ

കെട്ടിടനിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) കെട്ടിടനിർമ്മാണത്തിനുള്ള ടെൻഡർ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>കല്പറ്റ മുൻസിപ്പാലിറ്റിയിലെ ചുഴലിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്</u>

3985. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ മുൻസിപ്പാലിറ്റിയിലെ ചുഴലിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>കൊല്ലം-തേനി ദേശീയ പാത- ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴപാലം വരെയുള്ള പുനരുദ്ധാരണം</u>

3986. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയ പാതയിലെ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴപാലം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡിന് തുക അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>പഴങ്ങാട് പാലം നിർമ്മാണം</u>

3987. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയിൽ പുനർനിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളതും പുതുതായി നിർമ്മിക്കേണ്ടതുമായ പഴങ്ങാട് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

<u>ഉള്ളൂർ കടവ് പാലത്തിനുള്ള സ്ഥലമെടുപ്പ്</u>

3988. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉള്ളൂർ കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച പി ഡബ്ളിയു ഡി ഇഇ ആർ&ബി ഓഫീസിലെ E3/3944/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കി പ്രസ്തുത ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, നടപടി തീർപ്പ് മുതലായ എല്ലാ രേഖകളും ഉൾപ്പെടുന്ന സമ്പൂർണ്ണ പകർപ്പ്) ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ റവന്യൂ എൽ എ തഹസീൽദാർ, കളക്ടർ മുതലായ അധികാരികൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ എന്നാണ് ഇ ഇ ക്ക് നൽകിയതെന്നും അത് ഇ ഇ എന്നാണ് സി ഇ ക്ക് നൽകിയത് എന്നും സി ഇ എന്നാണ് തുടർനടപടികൾ സ്വീകരിച്ചത് എന്നും തുടർന്ന് പി ഡബ്ളിയു ഡി ഫിനാൻസ് സെക്ഷനിൽ (എഫ് ആർ2) നിന്ന് ധനകാര്യവകുപ്പിലേക്ക് അപേക്ഷ എന്നാണ് പോയിട്ടുള്ളത് എന്നും വിശദമാക്കുന്ന കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ;

(സി) ധനകാര്യ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ നമ്പർ BW/E4/232/2015 പ്രകാരം പൊതുമരാമത്ത് സി 2 സെക്ഷനിലേക്ക് അയച്ച കുറിപ്പിനെ തുടർന്ന് പി ഡബ്ളിയു ഡി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഉള്ളൂർ കടവ് പാലം സ്ഥലമെടുപ്പ് നടപടികൾ GO (Rt) No. 2271/15 RD Revenue (B) Department തീ. 30.04.15 സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നടപടികളിലൂടെ നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന സാധ്യത പി ഡബ്ളിയു ഡി പരിശോധിച്ചിട്ടുണ്ടോ;

(ഇ) പി ഡബ്ളിയു ഡി നടപ്പാക്കുന്ന 100 പാലങ്ങൾ പദ്ധതിയിൽ പ്രസ്തുത പാലം നിർമ്മാണം ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; ഡിനോവ ആയ സ്ഥിതിയിൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ തീരുമാനമെടുക്കുമോ?

## തിരുവല്ല ബൈപ്പാസ് നിർമ്മാണം

3989. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമി തിരികെ നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റെടുത്ത ഭൂമിയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തില്ല എന്ന് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നോ ;

(സി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

## മരാമത്ത് മേഖലയിലെ സ്തംഭനാവസ്ഥ

3990. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൊതു മരാമത്ത് മേഖലയിൽ സ്തംഭനാവസ്ഥയുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; ആയതു പരിഹരിക്കാൻസ്വീകരിക്കാനുദ്ദേശിക്കുന്ന

നടപടികൾ വിശദീകരിക്കാമോ;

(ബി) 2013 ഡിസംബറിനുശേഷം എത്ര രൂപയുടെ ബില്ലിന്റെ കുടിശ്ശികയാണ് തീർപ്പാക്കാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക നൽകാനുള്ള പത്ത് കരാറുകാരുടെ പേരും അവർക്കു നല്കാനുള്ള തുകയും വ്യക്തമാക്കാമോ?

പടിയൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണം

3991. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പടിയൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി;

(ബി) പടിയൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

നബാർഡ് സഹായത്തോടെയുള്ള റോഡ് നവീകരണം

3992. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31ന് ശേഷം നബാർഡ് സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതിന്മേലുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) കിളിമാന്നൂർ പോങ്ങനാട് കല്ലമ്പലം റോഡ് നവീകരണം പ്രസ്തുത ശുപാർശയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇതിനായി എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തികൾ

3993. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെയുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവൃത്തിയുടെ പേര്, നിയോജക മണ്ഡലം, അടങ്കൽ തുക എന്നിവ സഹിതം വിശദാംശം നൽകാമോ ?

പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണം

3994. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>പുതുനഗരം, കൊട്ടുവായൂർ, നെന്മാറ ടൗണുകളിലെ ഗതാഗതക്കുരുക്ക്</u>

3995. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പുതുനഗരം, കൊട്ടുവായൂർ, നെന്മാറ എന്നീ ടൗണുകളിൽ സ്ഥിരമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ടൗണുകളിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>പൈങ്കുളം, മുള്ളൂർക്കര റെയിൽ ക്രോസ്സുകളിൽ മേൽപ്പാലം</u>

T 3996. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട പൈങ്കുളം, മുള്ളൂർക്കര റെയിൽ ക്രോസ്സുകളിൽ ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രണ്ട് റെയിൽ ക്രോസ്സുകളിലും റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പൈങ്കുളം, മുള്ളൂർക്കര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പദ്ധതി തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഭരണാനുമതി നൽകുവാൻ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ;

(ഇ) ഈ സാമ്പത്തികവർഷം തന്നെ പ്രസ്തുത മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കത്തക്കവിധം ഫണ്ടനുവദിച്ച്, ഭരണാനുമതി ലഭ്യമാക്കാമോ ?

<u>ചാലക്കുടി പി. ഡബ്ല്യൂ. ഡി. റസ്റ്റ് ഹൗസിലെ ഒഴിവുള്ള തസ്തികകളിലേക്കുള്ള സ്ഥിരനിയമനം</u>

3997. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി. ഡബ്ല്യൂ. ഡി. റസ്റ്റ് ഹൗസിൽ നിലവിൽ ഒഴിവുള്ള കെയർടേക്കർ, വാച്ചർ തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമായ പി. ഡബ്ല്യ. ഡി. റസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകളിൽ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പാറക്കടവ് പാലം നിർമ്മാണം</u>

3998. ശ്രീ.മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളിയിലെ പാറക്കടവ് പാലം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ള ദേശീയപാതകൾ</u>

3999. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയപാത 66 ൽ നീലേശ്വരം പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് സ്ഥലം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത മേൽപ്പാലത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് അനുവാദം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത മേൽപ്പാലം നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

<u>ഭരണാനുമതി നൽകിയ പ്രവർത്തികൾ</u>

4000. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 14.07.2009ലെ സ.ഉ.(സാധാ)1045/2009/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി കൊടുത്തിട്ടുള്ള 33 പ്രവർത്തികളിൽ എത്ര പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവർത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

<u>തവനൂർ വട്ടംകുളം പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റ്</u>

4001. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിൽപ്പെട്ട വട്ടംകുളം പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി വട്ടംകുളം പഞ്ചായത്തിന്റെ അപേക്ഷ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ വഴി പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 14024 /14 പ്രകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ബന്ധപ്പെട്ട സെക്ഷന്പ്രസ്തുത ഫയൽ കൈമാറിയത് ;

(സി) ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എടുത്ത നടപടിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ നടപടി എടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(എഫ്) എന്നത്തേക്ക് നടപടി എടുക്കുമെന്ന് വിശദമാക്കാമോ ?

## ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികൾ

4002. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രവൃത്തി തിരിച്ച് വിശദമാക്കാമോ ?

## ഏലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

4003. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ മരാമത്ത് പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം, പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഏലത്തൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത റോഡ് നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

## ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണം

4004. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പടിയൂർ ഗ്രാമപഞ്ചായത്തിലെ ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള ടെൻഡർ അംഗീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയുണ്ടായോ ;

(സി) നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>വാഴക്കോട്-പ്ലാഴി സ്റ്റേറ്റ് ഹൈവേയുടെ സംരക്ഷണം</u>

4005. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി സ്റ്റേറ്റ് ഹൈവേ ബി.എം.ആൻറ്.ബി.സി. പ്രകാരം സി.ആർ.എഫ്. തുക വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തി നടത്തിയതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ എത്ര വർഷം കൂടുമ്പോഴാണ് സംരക്ഷണപ്പണികൾ നടത്തി ബലപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) വാഴക്കോട്-പ്ലാഴി സ്റ്റേറ്റ് ഹൈവേയുടെ സംരക്ഷണപ്പണികൾക്ക് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡ് ടാർ ഇളകി ഗതാഗതയോഗ്യമല്ലാതായിത്തീരുന്നതിനു മുൻപ് ആവശ്യമായ സംരക്ഷണപ്പണികൾ നടത്തി ബലപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>അഴിക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

4006. **ശ്രീ.വി.എസ്.സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ പണം നീക്കി വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>പെരുമ്പളം-മൂക്കത്തുകരി-വട്ടവയൽ പാലം</u>

4007. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം ദ്വീപിലേക്ക്ജി.ഒ. (ആർ.റ്റി.) 1185/09 പ്രകാരം അനുവദിച്ച പെരുമ്പളം-മുക്കത്തുകരി-വട്ടവയൽ പാലം നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പാലത്തിന് അനുവദിച്ച തുക വകമാറ്റി ചെലവാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ

ലഭ്യമാക്കാമോ ;

(സി) പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് എത്ര രൂപയാണ് ; പ്രസ്തുത ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പാലം നിർമ്മിക്കുന്നതിന് അടിയന്തരമായി റിവൈസ്ഡ് റേറ്റിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഓട്ടാഫീസ്,കാവനാൽകടവ് പാലങ്ങളുടെ പണി

4008. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടാഫീസ്,കാവനാൽകടവ് പാലങ്ങളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

കോഴിക്കോട് കാരത്തൂർ പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണം

4009. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരത്തൂർ പാറക്കടവ് പാലം അപ്രോച്ച് റോഡിന്റെ പ്രവൃത്തിസ്ഥലം ലഭ്യമായിട്ടും ആരംഭിക്കാതിരിക്കുന്നത് മൂലം ജനങ്ങൾക്കുണ്ടാവുന്ന പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിലുണ്ടായിരുന്ന കരാറുകാരനെ ബാദ്ധ്യതയില്ലാതെ ഒഴിവാക്കിയ ശേഷം ഭരണാനുമതി തുകയിൽ എന്തു പണം അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാൻ നിർദ്ദേശം നൽകുമോ ?

കൊയിലാണ്ടി മണ്ഡലത്തിൽ വിവിധപദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള പ്രവൃത്തികൾ

4010. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും ഒരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

### കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തൽ

4011. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടിൽ എന്തൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എഗ്രിമെന്റ് വ്യവസ്ഥപ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തീകരിച്ച് നൽകേണ്ടത് ; നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ ?

### സെൻട്രൽ റോഡ് ഫണ്ട്

4012. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിലേക്ക് സർക്കാർ എത്ര റോഡുകളാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഏതെല്ലാം റോഡുകളാണുള്ളത്;

(സി) ഇവയ്ക്ക് എന്ന് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

### മണ്ടനക്കാട് ഫുട് ബ്രിഡ്ജിന്റെ നിർമ്മാണം

4013. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള മണ്ടനക്കാട് ഫുട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സി..പി.ആർ സമർപ്പിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സി.പി.ആർ പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം

4014. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,, വി.ഡി.സതീശൻ**
**,, പാലോട് രവി**
**,, കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തി</u>

4015. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 25 ലക്ഷം രൂപ അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായ സ്വാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ-ആലിൻകീഴിൽ റോഡ് പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തിക്ക് അധിക ടെണ്ടർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അയച്ച തീയതി അറിയിക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) ടെണ്ടർ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തീയതി വ്യക്തമാക്കുമോ ;

(ഇ) കരാറുകാരന് ഇതുമായി ബന്ധപ്പെട്ട വർക്ക് ഓർഡർ നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഞാറയ്ക്കൽ ജയ്ഹിന്ദ് മൈതാനി-സംസ്ഥാനപാത പുനരുദ്ധാരണം</u>

4016. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ കടപ്പുറത്തുനിന്നും ആരംഭിച്ച് ജയ്ഹിന്ദ് മൈതാനി-സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ പുനരുദ്ധാരണത്തിനും കൽവർട്ട് പുതുക്കിപ്പണിയുന്നതിനുമുള്ള വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്ന പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം.

4017. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്രയെന്നും, സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) സാങ്കേതികാനുമതിക്കായി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദമാക്കാമോ;

(ഇ) സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(എഫ്) ടി പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

## മട്ടന്നൂർ വട്ടോളിപ്പാലം നിർമ്മാണം

4018. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള ഡിസൈൻ അംഗീകരിക്കുകയുണ്ടായോ ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(സി) 2015 - 2016 ലെ നബാർഡ് സാമ്പത്തിക സഹായത്തിനുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ട് കൂടി ഉൾപ്പെടുത്തി നബാർഡിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## റോഡപകടങ്ങൾ

4019. ശ്രീ.കെ.രാധാകൃഷ്ണൻ
,, എം.ചന്ദ്രൻ
,, സി.കെ സദാശിവൻ
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണം റോഡ് നിർമ്മാണത്തിലെ പിഴവാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോടതി നിയോഗിച്ച കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ ; എങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിരുന്നോ ;

(സി) റവന്യൂ ,വനം വകുപ്പുകളുടെ സഹകരണത്തോടെ സുരക്ഷിതമായ റോഡ് നിർമ്മാണം എന്ന ആശയം സാദ്ധ്യമാക്കിയിട്ടുണ്ടോ ;

(ഡി) പാതയോരങ്ങളിലെ അപകടകരമായ സ്ഥിതിയിലുള്ള വൃക്ഷങ്ങൾ നീക്കം ചെയ്യാത്തതിനാൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>നബാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

4020. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നബാർഡ് വഴി പൊതുമരാമത്തു വകുപ്പ് മുഖേന നിർമ്മാണം നടത്തുന്നതിനായി കൊല്ലം ജില്ലയിൽ അനുവാദം ലഭിച്ചതോ അനുവാദത്തിനായി ശിപാർശ നൽകിയിട്ടുള്ളതോ ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2015-16 വർഷം സെൻട്രൽ റോഡ് ഫണ്ടിലേക്ക് ജില്ലയിൽ നിന്നും എത്ര റോഡുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡ് നവീകരണം</u>

4021. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിനായി ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച്, പ്രവൃത്തികളുടെ പേര് വിവരം സഹിതം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത്, ഇനിയും പൂർത്തീകരിക്കുവാനുള്ളത്, ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്ന് ഭരണാനുമതി ഉത്തരവ് പകർപ്പ് സഹിതം വ്യക്തമാക്കുമോ?

<u>പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി</u>

4022. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** പി.എ.മാധവൻ

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമേ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>നീലേശ്വരത്തെ കാര്യങ്കോട് പാലത്തിന്റെ ഫിറ്റ്നസ്സ്</u>

4023. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 ൽ നീലേശ്വരത്തെ കാര്യങ്കോട് പാലം കാലപ്പഴക്കത്താൽ ഗതാഗതയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം എന്നാണ് നിർമ്മിച്ചതെന്നും നിലവിൽ പാലം ദേശീയ പാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകത്തക്ക രീതിയിൽ ഫിറ്റ്നസ്സ് ഉള്ളതാണോ എന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പാലം പുനർ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ചെങ്ങന്നൂർ നിയോജകമണ്ഡത്തിലെ പൊതുമരാമത്ത് കെട്ടിക വിഭാഗത്തിന്റെ പ്രവൃത്തികൾ</u>

4024. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചെങ്ങന്നൂർ നിയോജകമണ്ഡത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തികരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്കുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നവീകരണം</u>

4025. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് പഞ്ചായത്ത് തിരിച്ചും ഇനം തിരിച്ചും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത്, പൂർത്തിയാക്കുവാനുള്ളത്, ആരംഭിച്ചിട്ടില്ലാത്തത് എന്നിവ ഏതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിലേറിയശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ

?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങൾ

4026. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ എതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കുവാൻ എന്ത് കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പ്രവൃത്തികൾ

4027. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഉത്തരവുകൾ സഹിതം വിശദമാക്കുമോ;

(ബി) ടി പ്രവൃത്തികളിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും പൂർത്തിയാക്കുവാനുള്ളത് ഏതൊക്കെയെന്നും ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) ടി പ്രവൃത്തികൾ ആരംഭിക്കുവാനുള്ള കാലതാമസം എന്തെന്നും വ്യക്തമാക്കുമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിന്റെ വിനിയോഗം

4028. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് അറ്റകുറ്റപ്രവൃത്തികൾ പൂർത്തിയാക്കിയതും നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ എന്തൊക്കെയെന്ന് സാമ്പത്തികവർഷം തിരിച്ചും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ചും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ആരംഭിക്കാത്തത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതി</u>

4029. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പദ്ധതിക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>കാക്കതുരുത്ത് പാലം നിർമ്മാണം</u>

4030. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിലെ കാക്കതുരുത്ത് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര യോഗങ്ങൾ ചേർന്നു; അതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ്ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചോ ; ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണ് എന്നറിയിക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് അനുകൂല നിർദ്ദേശത്തോടെ ഫയൽ ധനകാര്യ വകുപ്പിനു നൽകിയോ ;

(സി) ധനകാര്യ വകുപ്പിൽ നിന്നും അനുകൂല അനുമതി നേടി എത്രയും വേഗം റീടെൻഡർ ചെയത് പാലം പണി പുനരാരംഭിക്കുമോ ;

(ഡി) സ്ഥലം ഉടമ ജില്ലാ കളക്ടറുടെ മുന്നിൽ സ്ഥലം വിട്ടുനൽകുവാൻ സമ്മതിച്ച സാഹചര്യത്തിൽ മറ്റു തടസ്സങ്ങൾ ഒന്നുമില്ലാത്തതിനാൽ പാലം പണി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

4031. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ഇന്റേണൽ റോഡുകൾ ടാർ ചെയ്യുന്നതിനും കോമ്പൗണ്ടുവാൾ നിർമ്മിക്കുന്നതിനുമായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് എന്നാണ് കൈമാറിയത്; കൈമാറിയില്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശം ലഭ്യമാക്കാമോ;

(സി) മേൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; എന്ന് പൂർത്തീകരിക്കാൻ കഴിയും വിശദാംശം ലഭ്യമാക്കാമോ?

<u>ചാലക്കുടിയിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്</u>

4032. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്, പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഊരാളുങ്കൽ സൊസൈറ്റി സമർപ്പിച്ച എസ്റ്റിമേറ്റിന് പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടി-ആനമല റോഡിൽ നിന്നും 6 കി.മീ. വനാന്തർഭാഗത്തായി നിർമ്മിക്കേണ്ട പ്രസ്തുത അടിച്ചിൽതൊട്ടി കോളനി റോഡിൻെറ നിർമ്മാണം ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>മൂലക്കീൽക്കടവ് പാലം</u>

4033. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന് സ്ഥലം ലഭ്യമാക്കിയിട്ടും ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) പാലത്തിന്റെ ഡിസൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ട് ഇൻലാൻഡ് നാവിഗേഷന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭിച്ചത് എന്നാണ്;

(സി) കത്ത് കിട്ടി രണ്ടു വർഷമായിട്ടും ഡിസൈൻ തയ്യാറാക്കുന്നതിലുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(ഡി) പുതുക്കിയ ഡിസൈൻ എപ്പോഴേക്ക് തയ്യാറാക്കാൻ കഴിയുമെന്നും വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

<u>സെൻട്രൽ റോഡ് ഫണ്ട് ആക്ട് **2000** പ്രകാരമുള്ള കേന്ദ്രസർക്കാർ വിഹിത വിനിയോഗം</u>

T 4034. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിനു ലഭിക്കേണ്ട ഡീസൽ സെസ്സിൻെറ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും ഇതിൽ ഗ്രാമീണ റോഡുവികസനത്തിന് എത്ര തുക ഓരോ വർഷവും ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം ദേശീയപാതാവികസനം, തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ, ദേശീയ പാതയൊഴികെയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡ് പദ്ധതികൾ, കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഉപയോഗിക്കേണ്ട റിസർവ് ഫണ്ട്

എന്നിവയ്ക്കായി ഓരോ വർഷവും ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) മേൽ പരാമർശിച്ച വിഭാഗങ്ങളിൽ നടപ്പുവർഷം ലഭിച്ച തുക എത്രയെന്നും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ **LAC-ADS--**ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

4035. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ LAC-ADS--ൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
11-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.